# പടയാളി

ഇല്ല,നുകർത്താവിനില്ല തൻജീവിത–
വല്ലരിയിൽപ്പൂ വിരിഞ്ഞു കാണാൻ വിധി!

ഇന്നലെപ്പോയ ഭടന്റെ കാല്പാടുകൾ
ചിന്നിയ മണ്ണിൽച്ചവിട്ടുകയില്ല ഞാൻ:

ഇന്നലത്തെപ്പോരതിന്നലേയ്ക്കുള്ളതാ–
ണി,ന്നിനിന്നത്തെപ്പരാക്രമം വേണ്ടയോ

ആയിരം കർത്തവ്യമുണ്ടിന്ന,തുവഴിയ്–
ക്കായത്തമാകുവാനത്രയും മേന്മയും.

നൈരാശ്യമെന്തെന്നറിയേണ്ടതില്ലിങ്ങു;
കാരണ,മാണായ്പ്പിറന്നവനല്ലി ഞാൻ?

പൗരുഷത്തിന്റെ തുടിപ്പുകളാണെന്റെ
ചോരക്കുഴലിൽ പ്രതിധ്വനിപ്പൂ സദാ.

സുവ്യക്തസുന്ദരം നിർമ്മിയ്ക്കണമൊരു
നവ്യപഥമീ പ്രപഞ്ചത്തിലെൻ ജനി.

അല്ലെങ്കിലാരു ഞാൻ? ദുർഭഗക്ലേശത്തെ
വെല്ലുവാനല്ലോ കരുത്തനായീ പൂമാൻ?

ഇന്നലെപ്പാറപൊടിച്ചു നിരത്തിയ
മന്നിലെദ്ധീരനെപ്പൂജിച്ചിടുന്നു ഞാൻ;

എന്നാലൊരിയ്ക്കലും കേൾക്കില്ലവനുടെ
പിന്നിലെൻപ്രാദപതനജന്യാരവം.

ഇന്നുകൾകൊണ്ടൊരു രമ്യസുപഥത്തെ–
യുന്നമിപ്പിയ്ക്കുമെൻ ശക്തിയിബ്ഭൂമിയിൽ;

പിന്നെയെന്നെക്കണികാണും കിഴക്കൊരു
പൊന്നൊളിശ്ശുക്രനക്ഷത്രമായാളുകൾ.
ക്ലിഷ്ടമാകട്ടെയെൻജീവിതം; എങ്കിലേ
വിഷ്ടപഹൃത്തിലെൻവിഷ്ടരം മിന്നിടൂ.

ഇല്ല,നുകർത്താവിനില്ല തൻജീവിത–
വല്ലരിയിൽപ്പൂ വിരിഞ്ഞുകാണാൻ വിധി!
ൗൗൗ

അർക്കന്റെ കാഞ്ചനത്തേരുരുൾപ്പാടുകൾ
നോക്കിനടത്തായ്ക നിൻരഥം തിങ്കളേ,

എന്നും പുതിയ പുതിയ മാർഗ്ഗങ്ങളിൽ
മിന്നുന്നു നീ; അതേ പാരിന്നു കൗതുകം!

കാക, നീയായിരമായിരം കൊല്ലമായ്–
ക്കൂകീ കുയിലിനെപ്പോലിരുന്നെന്തിനോ,

നിൻഗീതി കേൾക്കെച്ചെവിപൊത്തിനിന്നു ക–
ല്ലോങ്ങുന്ന മന്നിനാൽ മാനിതനാകുവാൻ!

താരകപ്പൂൺപിന്റെ വാരൊളിപ്പുഞ്ചിരി-
ച്ചാറിൽ ഭ്രമിച്ച സികതമേ, നീയലം

എത്രയതുപോൽച്ചിരിച്ചുനോക്കീല? നിൻ
നിത്യനിരാശക്കു മൂലമനുകൃതി!

മഞ്ഞുകണമേ ഞെളിഞ്ഞു നില്ക്കായ്ക; നീ
മഞ്ജുമുക്താഫലമാവില്ലൊരിയ്ക്കലും:

ആകുമെന്നാകിലിക്കാലത്തെയൊക്കെയു-
മാശാകിരണങ്ങൾ മങ്ങിയതെങ്ങിനെ?

ഇല്ല,നുകർത്താവിനില്ല തൻ ജീവിത-
വല്ലരിയിൽപ്പൂ വിരിഞ്ഞുകാണാൻ വിധി!

# ഡ്രൈവറുടെ പ്രസ്താവ

രാജ്യത്തു കാറും ബസ്സുമോടിയ്ക്കാനെത്തിച്ചേർന്ന
പൂജ്യനാം മോട്ടോർഡ്രൈവറായ ഞാനാജ്ഞാപിപ്പൂ:

മന്നിനെ സ്നേഹിയ്ക്കുന്ന ഹേ, കലാകാരന്മാരേ,
മർത്ത്യജീവിതമല്ലി നിങ്ങൾതൻ കലാബീജം?

ൗൗൗ

അതിനാൽ, കാറും ബസ്സുമോടിയ്ക്കാനെത്തിച്ചേർന്ന
മതിമാൻ മോട്ടോർഡ്രൈവറായ ഞാനാജ്ഞാപിപ്പൂ:

മന്നിനെ സ്നേഹിയ്ക്കുന്ന നർത്തകന്മാരേ, നിങ്ങ-
ളെന്നംഗചലനങ്ങൾ മാത്രമേ പകർത്താവൂ;

മന്നിനെ സ്നേഹിക്കുന്ന ഹേ, നടന്മാരേ, നിങ്ങ-
ളെന്നുമെൻമുഖത്തിന്റെ ഭാവമേ നടിയ്ക്കാവൂ;

മന്നിനെ സ്നേഹിയ്ക്കുന്ന ഗായകന്മാരേ, നിങ്ങ-
ളെന്നുടെ കണ്ഠത്തിന്റെ നാദമേ പൊഴിയ്ക്കാവൂ;

മന്നിനെ സ്നേഹിക്കുന്ന കാവ്യകാരരേ, നിങ്ങ-
ളെന്നുമേ മജ്ജീവിത കഥയേ രചിയ്ക്കാവൂ;

മന്നിനെ സ്നേഹിയ്ക്കുന്ന ചിത്രകാരരേ, നിങ്ങ-
ളെന്നാകാരമേ മേലിലെന്നെന്നും വരയ്ക്കാവൂ.

മന്നിനെ സ്നേഹിയ്ക്കുന്ന ശില്പജ്ഞന്മാരേ, മേലി-
ലെന്നുടെ രൂപങ്ങളേ നിങ്ങളും കൊത്തീടാവൂ!

ൗൗൗ

ക്ഷിതിയിൽ, കാറും ബസ്സുമോടിയ്ക്കാനെത്തിച്ചേർന്ന
മതിമാൻ മോട്ടോർഡ്രൈവറായ ഞാനാജ്ഞാപിപ്പൂ-

വിജയാഹങ്കാരത്തിൽ നെഞ്ചുന്തിത്തലപൊക്കി
വിധികർത്താവെപ്പോലെ നിന്നു ഞാനാജ്ഞാപിപ്പൂ:

മർത്ത്യരെന്നതു മോട്ടോർ ഡ്രൈവർമാരത്രേ മന്നിൽ

മർത്ത്യജീവിതം മോട്ടോർഡ്രൈവർജീവിതമത്രേ.

ഹേ, കലാകാരന്മാരേ നിങ്ങളെന്നാജ്ഞയ്ക്കൊത്തു
ലോകത്തെപ്പുരോഗമിപ്പിയ്ക്കുവിൻ മേലേ മേലേ.

അഥവാ തയ്യാറില്ല നിങ്ങളായതിനെങ്കി,–
ലതു കണ്ടടങ്ങി ഞാൻ   നില്ക്കുമെന്നാണോ മോഹം?
ഊഊഊ

അതിനാൽ, കാറും ബസ്സുമോടിയ്ക്കാനെത്തിച്ചേർന്ന
മതിമാൻ മോട്ടോർഡ്രൈവറായ ഞാൻ പ്രഖ്യാപിയ്ക്കും:

മന്നിലെക്കലാകാരന്മാരിവരെല്ലാംതന്നെ
മർത്ത്യവഞ്ചകരത്രേ പിന്തിരിപ്പന്മാരത്രേ!

# മൂന്നാംചേരി

അറ്റ വേനലിന്റെ താപശുഷ്കമാം വപുസ്സിൽ
മുററുമുൾക്കുളിരുണർത്തിപ്പോം പുഴതൻ വക്കിൽ,
പാല പൂത്ത മണം മോന്തിപ്പാഞ്ഞുപോകും കാറ്റിൽ
ആലിലകൾ നർത്തനങ്ങളഭ്യസിക്കും നാട്ടിൽ,
കൂരകളണികളായിക്കൂന്നുനിൽക്കും കുന്നിൽ
കൂരിരുളിൽപ്പൂഴ്ന്നുപോം മരത്തണൽപ്പരപ്പിൽ,
പാതിരാപ്പനിമതിതൻ മന്ദഹാസപൂരം
പാലല പകർന്ന വിരിവിണ്ടലത്തിൻ കീഴിൽ,
മുന്നിൽമുന്നിലുള്ളോർതൻ കടിപ്രദേശത്തിങ്കൽ
പിന്നിൽപ്പിന്നിലുള്ളോർതൻ കരപുടങ്ങളൂന്നി,
വൃത്തമൊത്തു നിന്നു, വേർപ്പിൽ കട്ടിയിരുമ്പാലെ
പുത്തനായി വാർത്തെടുത്ത ശൃംഖലയെപ്പോലെ,

പണി കഴിഞ്ഞന്തിക്കറുപ്പിനെത്തിയപണിയസ്ത്രീപുരുഷന്മാർ
പഴംകഥാമൃതം നുണച്ചുപാടി, ക്കാൽമടമ്പിടിച്ചുകൊണ്ടാടി.
അരികി,ലീമഹാഗൃഹത്തി,ലീ മൂന്നാം നിലയ്ക്കുമീതെ, നിർന്നിദ്രം
അഴികളിൽച്ചാരി, ക്രമൺസുബട്ടണിൽത്തിരുപ്പിടിച്ചു ഞാൻ നിന്നു.
അവരൊഴുക്കുമാപ്പഴയ പാട്ടലച്ചുരുളനുക്രമമായി
അരിച്ചുയർന്നടിച്ചിരമ്പിച്ചീറുന്നൂ കുറച്ചു മാത്രകൾക്കുള്ളിൽ.
എറുമ്പുചാലും കൊച്ചരുവിയും തോടും പുഴയുമബ്ധിയുമായി
പരക്കുമത്താളസ്വരപ്പടർപ്പിലെൻചെവിടടഞ്ഞു ഞാൻ നിൽക്കെ,
അരിച്ചുകേറുന്നുണ്ടുരഗമാലയെന്നുടലിലെന്നതുപോലെ
തരിച്ചു നിശ്ചലം മരിച്ചുപോകുന്നു മനസ്സുകൊണ്ടു ഞാനാകെ.
അവറ്റതൻ പിതൃപിതാമഹന്മാരും ചുവടുവെച്ചുകൊണ്ടേവം
അനാദികാലമായനാദികാലമായുരുക്കഴിച്ചതിഗ്ഗാനം!
ഇതിന്റെ രാഗത്തി,ലിതിന്റെ താളത്തി,ലിഴുകിനില്പതുണ്ടിന്നും
നിതാന്തധീരരാമവരുടെ പുളിപ്പിയന്ന ചെഞ്ചുടുരക്തം!
വിടപപംക്തിയോടടുത്തിടഞ്ഞടരടിച്ചു വെല്ലുന്നൂ കയ്യും
കഠിനമാമുരസ്തടവും കൊണ്ടവരനേകം രാപ്പകലാലെ.
മല നിരത്തുന്നൂ, നികത്തന്നൂ കായ,ലടക്കമറ്റവർ പിന്നെ–

ക്കലപ്പച്ചാലെടുത്തെറിയുന്നൂ ഭാവിപരമ്പരയുടെ ബീജം.
അവർക്കായാമണ്ണിൽപ്പുലരൊളി പുരണ്ടിളകിയാടുന്നൂ കാലേ
ഭുവനം കപ്പമായരുളുമോമനക്കനകമോഹനഹാരം!
മധുരമാ നെല്ലിന്മണികളൊക്കെയും കവർന്നെടുത്തുപോലസ്മൽ–
പിതൃപിതാമഹപ്രപൂർവ്വസഞ്ചയം തരിമ്പു നാണമില്ലാതെ!
അതിന്റെ പോഷകരസം കലർന്നവരമരസുന്ദരരായി!
അജയ്യ ചിന്തക,രനഘസംസ്കാര പ്രകർഷനായകരായി!
മനോജ്ഞവേഷവും മധുരഭാഷയും വിചിത്രസൗഖ്യവും നേടീ;
മഹിയി,ലാഴിയിൽ,പ്പരന്ന വിണ്ണിലും പറന്നു മുഗ്ദ്ധരായാടി!
അവർണ്ണനീയമാണ, വർണ്ണനീയ,മീ നവീനനാഗരികത്വം;
അതിന്റെ മൗലികപ്രണയിതാക്കളെ ച്ചവിട്ടിനീക്കി നാം പക്ഷേ!
അവറ്റയിപ്പൊഴും, കിരാതരായ്,ച്ചളി പുരണ്ടു, പാമരരായി,
അവജ്ഞപേറുന്നു, മലിനജീവിക,ളസിതകായരുമായി.
ഇവിടെ, നമ്മളോ ഭരണകോവിദരിളയ്ക്കുസേവനം ചെയ്‌വാ–
നിടഞ്ഞടിയ്ക്കയാ'ണവന്റെ ചേരിയി'ലിവന്റെ ചേരി'യിലായി!
പണിയരപ്പുറത്തളിഞ്ഞുപൊട്ടിയും കുരച്ചുതുപ്പിയും വേച്ചും,
പണിതു, പട്ടിണി കിടന്നു, പൂഴിയിൽ പിടഞ്ഞുവീണടിയുന്നു.
അതൊക്കെക്കേട്ടുകണ്ടറിയണം പോലുമധികാരത്തിനുവേണ്ടി–
ച്ചതിയും കൊള്ളയും വെടിയും ശീലിയ്ക്കും മഹാമനുഷ്യരീ നമ്മൾ!...

പാട്ടുനിന്നു, വന്നമർന്നുവീണുപോയെൻ കാതിൽ,
പാറപോലെക്കനമുള്ള മൂകഗംഭീരത്വം
വാനിനോളം പോന്ന വെള്ളിക്കട്ടിപോലെ നിൽപ്പൂ
വാരൊളിനിലാവീയുത്തുംഗാലയത്തിൻ ചൂഴെ
വേർപ്പുമൂലമീറനാമെൻ പട്ടുകുപ്പായത്തെ–
ത്തോർത്തിയുണക്കുന്നൂ വേഗാൽ സുപ്രഭാതവാതം
ചിത്രമൊരു ചോദ്യമുള്ളിലൂറിടുന്നുണ്ടിപ്പോ, –
ളിത്രനേരം കേട്ടതും ഞാനോർത്തതുമെന്താവോ!

# സുഹൃത്തിന്നുള്ള കത്ത്

പിന്നെയും സമാഗതമായല്ലോ തിരുവോണ
പ്പൊന്നുഷസ്സു,ൽബ്ബാഷ്പദൃക്കിന്നു ഞാനാലോചിപ്പൂ;

സുഹൃത്തേ, കഴിഞ്ഞാണ്ടിൽ ജനിച്ച മണ്ണിന്നുള്ള
സുഭിക്ഷസൗഹാർദ്ദത്തിന്നുഴറും കരളോടെ,

താങ്കളിത്തറവാട്ടിലാഗതനായീ യാത്രാ–
താന്തമാം നയനത്തിലോണപ്പൂന്തുടുപ്പോടെ.

ആഗതൻ മഹാബലി തന്നെയെന്നാഹ്ലാദിച്ചാ–
രാതിഥേയരാം ഞങ്ങൾ; ഓർമ്മവന്നില്ലേ സർവ്വം?

അത്ര ദീർഘമാമൊരു ജീവിതസരണിയി–
ലത്തരം ദീപസ്തംഭമെത്രയുണ്ടൊാ,ന്നോ രണ്ടോ?

**2**

'കാശ്മീരി'ൽപ്പടവെട്ടും 'മേജറും,' സ്വന്തം നാട്ടിൽ–

ക്കാവ്യനിർമ്മാതാവായിക്കഴിയുമൊരുത്തനും–

ഇരട്ടപ്പരിപ്പുള്ള സസ്യബീജംപോ,ലില–
വിരിയിച്ചോരാം രണ്ടാൾ തങ്ങളിൽസ്സമ്മേളിയ്ക്കെ

അറിയാൻ, സൗഹാർദ്ദനിർമ്മജ്ജിതബോധന്മാരായ്–
പ്പറയാ,നെന്തെന്തില്ല കരയാൻ, ചിരിപ്പാനും?

അത്ര ദീർഘമാമൊരുജീവിതസരണിയി–
ലത്തരം ദീപസ്തംഭമെത്രയുണ്ടൊ,ന്നോ രണ്ടോ?

3

നമ്മുടെ ധീരസ്വരം കേൾക്കവേ വിദ്യാലയ–
ക്കന്മതിലലിഞ്ഞൂ പണ്ടാഗസ്തിൻ പ്രളയത്തിൽ.

''എന്തിനിക്കുപ്പായത്തിൽക്കറുപ്പുകൊടി?'' എന്നു
നിന്ദയാർന്നദ്ധ്യാപകൻ ശിഷ്യരെച്ചോദ്യംചെയ്താൻ.

''ഗാഢമായഴൽക്കൊൾവൂ, പ്രതിഷേധിപ്പൂ ഞങ്ങൾ
ഗാന്ധിയെബ്ബന്ധിച്ചതി,''ലെന്നു നാമുൽഘോഷിയ്ക്കെ,

''പട്ടിയെപ്പിടിച്ചാരോ ചങ്ങലയ്ക്കിട്ടാൽക്കള്ള–
ക്കുട്ടികൾക്കെന്തെ?''–ന്നുച്ചമാക്രോശിയ്ക്കയും ചെയ്താൻ.

നിർദ്ദയങ്ങളായ്ത്തീർന്നിതക്ഷണം, ബാല്യത്തിന്റെ
നിഷ്ക്കളങ്കത്വത്താലോ നമ്മൾതൻ വികാരങ്ങൾ!

കൂടുടഞ്ഞിളകിയ കടുന്നൽപ്പറ്റംപോലെ–
ക്കൂവി നാം വിറപ്പിച്ചു മൂഢമദ്ധിക്കാരത്തെ!

അത്തരമെന്തെന്തയവിറക്കീല, ത്രയ്ക്കത്ര
പുത്തനായ്ത്തീരും വിശിഷ്ടാനുഭൂതികളോടെ!

4

സ്വപ്നസുന്ദരദൃശ്യ നിർഭരമായി, ബ്ഭൂവിൻ
സ്വർഗ്ഗമായ് വിളയാടും കാശ്മീരഹൃദയത്തിൽ

കേവലം കുഗ്രാമത്തെയല്ലയോ പട്ടാളങ്ങൾ
താവളമാക്കീ, പെയ്തൂ തുമുലനിർഘോഷങ്ങൾ?

മലയും തടാകവും മലരും തടിനിയും
കലയും മനുഷ്യരും പുഞ്ചിരിതൂകും ദിക്കിൽ,

ഭവ്യശാലിനിമാരാം കുലസ്ത്രീകൾതൻ നാട്ടിൽ,–
ദ്ദിവ്യമോഹനനാനാവൈഖരീനിലയത്തിൽ,

കുരച്ചൂ തീതുപ്പുന്ന   നിഷ്ഠുരസ്വാർത്ഥം; ഞെട്ടി–
വിരണ്ടൂ സുഖം, ശാന്തി, മാൻകിടാങ്ങളെപ്പോലെ!

നെഞ്ചിനു വിരിവുറ്റ കർഷകന്മാരും, കൊഞ്ചി–
പ്പുഞ്ചിരി പൊഴിയ്ക്കുന്ന ബാലികാബാലന്മാരും,

കുഞ്ഞിനെപ്പാലൂട്ടിക്കൊണ്ടിരിയ്ക്കുമോമൽക്കുച–
കുംഭിനിമാരും ചിന്തീ ചെഞ്ചോരപ്പുഴകളെ!

അങ്ങിനെ കടുംപനീർപ്പൂക്കളെന്നായീ നാട്ടി–

ലങ്ങോളം വിടർന്ന വെൺമലർമാലയുംകൂടി,

അത്തരമെന്തെന്തറിവരുളീലെ, നിയ്ക്കങ്ങ
പുത്തനായ്ത്തീരും വിശിഷ്ടാനുഭൂതികളോടെ!

**5**

ആരുടെ പൂപ്പാവാട നാശമാക്കിയോ 'ഡസ്ക്കിൽ'–
ച്ചോരച്ചെമ്മഷിതൂവിക്കുസൃതിക്കുടക്ക നീ,

ആ വിരൂപിണിയ്ക്കിപ്പോൾ ക്കുട്ടികളഞ്ചാറായീ
ദേവകല്പനാം വൃദ്ധപ്രേയാന്റെ വരംമൂലം.

ആരുടെ കോപോന്മിഷദ്രാഗമാം കൺകോണേറി–
ന്നായി നീ നറുമൊട്ടു സൂചികളെറിഞ്ഞുവോ,

ആ മൃഗാക്ഷിയോ, കോവിലെണ്ണുന്നൂ കണ്ണുംപൂട്ടി,
നാമവും ചെല്ലി,ബ്ഭസ്മം പൂശിയ നിഴൽപോലെ.

'ബിയ്യെസ്സി'ജയിച്ചെത്തി മഠയൻ ദിവാകരൻ;
'ബിയ്യെലു'മായീ പകലുറക്കക്കാരൻ മമ്മി.

'മുത്തി',യെന്നെല്ലാവരും ചിരിയ്ക്കെ,ത്തേങ്ങിക്കണ്ണു–
പൊത്തിടും മറിയാമ്മ 'മിഡ്വൈഫൂ'മായിത്തീർന്നു.

അത്തരമെന്തെന്തറി വരുളീല,ങ്ങയ്ക്കു ഞാൻ
പുത്തനായ്ത്തീരും വിശിഷ്ടാനുഭൂതികളോടെ!

**6**

ഉല്ലസദ്രോമാഞ്ചത്തോടാവിധം ലാത്തീ നർമ്മ–
സല്ലാപപ്രമത്തരാം രണ്ടുപേരാ വാരത്തിൽ,

കുലചോന്നാടും മഞ്ഞ നെൽപ്പാടങ്ങളിലൂടെ,–
പ്ഫലപൂർണ്ണമാം മലന്താഴ്വരകളിലൂടെ,

ഓടിട്ട സദനത്തിന്നോണവില്ലൊലിയിലൂ–
ടോ,ലമാടത്തിൻ ദീനമൂകഗീതിയിലൂടെ,

തൂമഞ്ഞപ്പൂവാടയുമുടുത്തു തുള്ളിച്ചാടു–
മോമനസ്സായ,ന്തനക്കാറ്റിനെപ്പുൽകിപ്പുൽകി.

അത്ര ദീർഘമാമൊരു ജീവിതസരണിയി–
ലത്തരം ദീപസ്തംഭ മെത്രയുണ്ടൊന്നോ രണ്ടോ?

**7**

പിന്നെയും സമാഗതമായല്ലോ തിരുവോണ–
പ്പൊന്നുഷസ്സു;ൽബ്ബാഷ്പദൃക്കിന്നു ഞാനാലോചിപ്പൂ:

കഴിഞ്ഞാണ്ടിലെപ്പൊട്ടിച്ചിരികളെന്തേ കേൾപ്പീ–
ലൊഴിഞ്ഞു കിടക്കുമീയേകാന്തഭവനത്തിൽ?

ആ മുഖമിപ്പോളേതു സംഗരരംഗത്തിന്റെ
ധൂമരാശിയിലാവോ നീങ്ങുന്നൂ ക്ഷീണമ്ലാനം!

ആയിരം കാതങ്ങളാലായിരം വൈഷമ്യത്താ–
ലാത്തമിത്രമേ നാമിന്നകറ്റപ്പെട്ടേ നില്പൂ;

ഇനി നാമഭിമുഖം കാണുമോ, മാറോടുമാ–
റിനി നാമാലിംഗിതരാവുമോ മുന്നേപ്പോലെ?

ചിറകു മുറിഞ്ഞുവീണുഴച്ചീടുന്നൂ മുറ്റ–
ത്തരിയോരോണക്കിളി ദുർഭഗമസഹായം!

‘വിധി,’ യെന്നാമന്ത്രിപ്പൂ മെല്ലെ ഞാൻ; പൊറുക്കട്ടെ
സദയം പരിഷ്കൃതലോകരിദ്ദൗർബ്ബല്യത്തെ!

# അവിവാഹിതൻ

യുക്തിബോധപ്രചോദിതമാമീ–
യുക്തിധാരയൊഴുകുന്നു വിണ്ണിൽ,

‘‘യൗവ്വനത്തിൻ കൊടും തപസ്സിന്നു
കൈവരും വരമാണോ വിവാഹം?

എങ്കി,ലായതു വേണ്ടെന്നൊഴിയാൻ
വെമ്പിയതൊരു കൊള്ളരുതായ്മ.

അല്ല, കണ്ണീരിൽത്തീർത്ത ഗാർഹസ്ഥ്യ–
ക്കല്ലറയുടെ വാതിലതെങ്കിൽ

എന്തിനെന്നെശ്ശകാരിച്ചിടുന്നു
മന്തനാണെന്നോ മണ്ടനാണെന്നോ?

ഊഊഊ

പുഞ്ചിരികൾതൻ കാമ്പിലുറന്ന
ചുംബനങ്ങൾതൻ സൗരഭവായ്പിൽ,

സാന്ദ്രശുഭ്രപ്രണയത്തിൽക്കായ്ച
സാഹചര്യത്തിൻ മാധുരീസത്തിൽ,

കണ്ണുവെയ്ക്കാൻ പറിയ്ക്കാത്ത മൂഢൻ
കണ്ണുപൊട്ടരിൽക്കണ്ണുപൊട്ടൻതാൻ;

സമ്മതിയ്ക്കാം ശരിയ്ക്കതു, പക്ഷേ,
സംശയങ്ങളുണ്ടിന്നിയും ബാക്കി.

ഊഊഊ

ഇക്കരെനിന്നു നോക്കലും പച്ച–
പ്പക്കരെക്കുറെക്കാണലും മറ്റും

മുന്നേതൊട്ടു പഴകിയതാണെ–
ന്നെന്നേ നന്നായി നോക്കറിയില്ലേ?

ഈ ഭ്രമത്തിൻ കടവും കടന്നി–
ട്ടക്കരെച്ചെന്നു നോക്കിയോരെല്ലാം

പിന്നെയിങ്ങോട്ടിളിഞ്ഞ മുകറായ്
വന്ന വൃത്തവും നാമറിയില്ലേ?

ഓരുമൊക്കെയും; എന്നിട്ടും പിന്നെ–
ബ്ഭീരുവെന്നു വിളിപ്പതെന്തെന്നെ?

ൟൟൟ

കപ്പലേറിയ യാത്രികരേ, ഞാൻ
കേൾപ്പൂ നിങ്ങൾതൻ വാചാപ്രസംഗം:

'ജീവിതാദർശമുന്നത, മൊറ്റ–
യ്ക്കാവരുതാരുമങ്ങോട്ടു യാനം.

കാൽവഴുതിപ്പതിച്ചുപോം, തന്നെ–
പ്പോവതാരാരവനുമവളും.

കൈകൾകോർത്തു മുറുക്കി,ക്കരുത്തു
കൈവരുത്തി,ബ്ഭയത്തെത്തുരത്തി,

ഉൽഗമിയ്ക്കണമൊന്നിച്ച,ടിക–
ളൂന്നിയൂന്നിയിരവും പകലും!''

ൟൟൟ

അർത്ഥശൂന്യമിതൊക്കെയുമെന്നി–
ല്ലൽല്പംപോലുമെനിയ്ക്കു സന്ദേഹം.

ഭംഗിയേറും പ്രലോഭനം വാനിൽ
ഭംഗമറ്റു പറന്നുപോം നേരം

കൈയുയർത്തിപ്പുറകേ കുതിച്ചു
കാലിടറിയോരല്ലല്ലി നിങ്ങൾ?

അച്ചതിയിലേയ്ക്കെന്നെയും നിങ്ങൾ
നിച്ചിലും മാടിമാടി വിളിയ്ക്കെ,

ഉള്ളിലോളമെൻ കണ്ണു പതിഞ്ഞാ–
ലുള്ള മന്തത്തം മന്തത്തമാണോ?

മൂർച്ചയേറും കണകളിമ്മട്ടി–
ലേറ്റു മാമൂൽ മുറിപ്പെടൊല്ലെങ്കിൽ

ചിന്തയിൽനിന്നകന്നുപോയ് വല്ല
പൊന്തയിലുമൊളിച്ചിരിയ്ക്കട്ടെ.

ൟൟൟ

യുക്തിബോധപ്രചോദിതമാമീ–
യുക്തിധാര സമാപനം ചെയ്കെ,

വൃക്ഷജാലം ചിരിച്ചു കുലുങ്ങി;
നക്ഷത്രങ്ങൾക്കു പുഞ്ചിരി വിങ്ങി;

പുച്ഛഭാവം പുറത്തേയ്ക്കു കാട്ടീ
കൊച്ചുകൊച്ചു മണൽത്തരിപോലും.

വായുവിന്റെ ഗളത്തിൽനിന്നൂറീ
വാനിലൂഷ്മളഗാനമൊന്നേവം:

''ഞാനറിയും ചരങ്ങളെയെല്ലാം,
ഞാനറിയുമചരങ്ങളേയും.

കണ്ടുനിൽപ്പൂ വടക്കേ ധ്രുവം ഞാൻ,
കണ്ടുനിൽപ്പൂ ഞാൻ തെക്കേ ധ്രുവവും.

എന്തിനല്ലെങ്കിൽ?– ചുംബിച്ചിടുന്നു–
ണ്ടെൻകരളീയണുപ്രപഞ്ചത്തെ,

ഇന്നു മാത്രമല്ലാ,ദികാലംതൊ–
ട്ടെന്നുമെന്നും മുടക്കമില്ലാതെ!

ജീവിതമൊരു വേദനയത്രേ,
ജീവിതമൊരാനന്ദവുമത്രേ!

സർഗ്ഗവാഞ്ഛയെ വെട്ടിത്തിരിയ്ക്കൂ,
സർഗ്ഗവാഞ്ഛയെ മുന്നോട്ടൊഴുക്കൂ:

സർഗ്ഗവാഞ്ഛയെബ്ഭേദിപ്പാനെന്നു–
മുൽഗ്ഗമിയ്ക്കാതിരിയ്ക്കാവൂ കൈകൾ.

കൈയുയർത്തിയാൽ,ദുർഭഗന്മാരേ,
കൈവരിപ്പൂ സ്വയംകൃതാനർത്ഥം!''

# നീലിയാട്ടിലെ തണ്ണീർപന്തൽ

1
നീലിയാട്ടിലെപ്പാലത്തിങ്കൽ ഞാൻ ബസ്സും കാത്തു
നീരവമപരാഹ്നച്ചൂടിലാണ്ടിരിക്കുമ്പോൾ,

നിദ്രിതമാമെന്നന്തർമ്മണ്ഡലത്തിങ്കൽ ക്ഷണ–
നിസ്തന്ദ്രനിസർഗ്ഗമാം ഹൃദ്രയമുണരുമ്പോൾ,

തീവെയിൽത്തിരകളിലുയർന്നൂ കാണെക്കാണെ–
ബ്ഭാവുകസുശീതളമെൻനവവധൂരൂപം.

''കേടുപാടൊന്നും കൂടാതെത്തണേ നാളേയ്ക്കെ''ന്നു
കേഴുന്നുണ്ടത്യുൽകണ്ഠാചഞ്ചലനയനങ്ങൾ;

''മംഗളം യാത്രയ്ക്കെ,''ന്നു തൂവുന്നുണ്ടാശീർവ്വാദം
മന്ദഹാസോൽഫുല്ലമാം ചോരിവായ്മലരൊപ്പം.

ഭാവസുന്ദരമാമാദ്ദർശനം പതിറ്റടി–
പ്പൂവുപോലിതൾക്കിതൾവികസിച്ചിതെൻ മുന്നിൽ.

**2**
തിങ്ങളൊന്നായീലല്ലോ കണ്ടിട്ടുമറിഞ്ഞിട്ടും
ഞങ്ങളന്യോന്യം പരപ്പാളുമീ പ്രപഞ്ചത്തിൽ!

കരളാലെന്തേ പെട്ടെന്നിഴുകിച്ചേരാൻ, ചിര–
വിരഹാകുലങ്ങളാം രണ്ടാത്മാക്കളെപ്പോലെ,

ഒരുനാളത്തേയ്ക്കാമീ വേർപെടലെന്തേ മനം
വിറകൊള്ളിപ്പാ,നശ്മസാരത്തെക്കാന്തംപോലെ?

അജ്ഞതമൂലം മിഴിപ്പോളയിൽക്കണ്ണീരേന്തി
പ്രജ്ഞയറ്റേകൻ മൂകനിരുന്നേൻ സ്വേദസ്നാതൻ!

**3**
''അവിടുന്നെങ്ങോട്ടാണു യാത്ര?'' യെന്നപ്പോഴേയ്ക്കെ–

ന്നരികിൽ കേൾക്കായുച്ചസ്നിഗ്ദ്ധമാമൊരു ശബ്ദം.

ഉത്തുംഗഹർഷം ചിറപൊട്ടിയപോലേ കുതി-
ച്ചെത്തുന്നൂ 'വളവിങ്കൽ മൂസ്സ'യെന്നുപാന്തത്തിൽ.

ആറടിയിലും മീതെപ്പൊങ്ങിയ ശരീരത്താ,-
ലാജാനുബാഹുക്കളാ,ലാഹ്ലാദസൗലഭ്യത്താൽ,

വാരിയാലൊടുങ്ങാത്ത സേവനൗത്സുക്യത്താലും,
വായിലെപ്പുളിങ്കുരുപോലെഴും പൽപ്പുറ്റാലും,

ജീവിതം സുസമ്പന്നം, സുഭിക്ഷം, സുസന്തൃപ്ത;-
മീ വയോവൃദ്ധന്നാരും സ്വന്തമാളാണീ മന്നിൽ.

ഹാ, മറന്നുപോകുന്നൂ പാന്ഥരേ, ഭവാന്മാരീ
ജീവിതത്തണ്ണീർപ്പന്തലരുളുമൗദാര്യത്തെ!

**4**

അതിഭാരവും പേറിയെത്തിയ ബസ്സും, കിത-
ച്ചനലംഭാവം നീങ്ങീ മാമകസ്മൃതികളും:

ബസ്സു നിർത്തിച്ചും, ചുമടേറ്റിയും, സന്ദേശങ്ങ-
ളെത്തിച്ചും, പരാർത്ഥമിജ്ജീവിതം ചലിക്കുമ്പോൾ,

കാളവണ്ടിക,ളുന്തുവണ്ടിക,ളിരച്ചോടും
കാറുകൾപോലേ പതിറ്റാണ്ടുകളാറേഴെണ്ണം

ആഗതമായീ ചക്രവാളസീമതൻ പിന്നി-
ലാണ്ടുപോകയും ചെയ്തു നിത്യരഥ്യയിലൂടെ.

നിലനിൽപൂ, ഹാ, നീലിയാട്ടിലീ വളവിങ്കൽ
നിഴലും വിരിച്ചുകൊണ്ടീ മഹാവൃക്ഷം മാത്രം.

ഹാ, മറന്നുപോകുന്നൂ പാന്ഥരേ, ഭവാന്മാരീ
ജീവിതത്തണ്ണീർപ്പന്തലേകിടും സൗജന്യത്തെ!

**5**

കൂലിയെക്കുറിച്ചീയാൾക്കാശകളില്ലേ; അന്തി-
ച്ചാളയിലില്ലേ തനിയ്ക്കുമ്മയും കുഞ്ഞുങ്ങളും?

ദുഃഖഭാരാനമ്രമാം ശിരസ്സും, പരസ്നേഹ-
വ്യഗ്രചിത്തവു, മുള്ള പാന്ഥന്മാരപൂർവ്വന്മാർ

വല്ലതും കനിഞ്ഞേകാമെങ്കിലും, കരുമന-
ക്കൊള്ളലിന്നെന്തെങ്കിലും കിട്ടുമോ സമാധാനം?

അഥവാ വിശാഖ,മീമാർഗ്ഗചാരികൾക്കാർദ്ര-
മധുരം ദാനം ചെയ്യും കല്പപാദപമെന്നോ?

അറിവീലൊന്നും: പ്രിയംകരമാണെന്നാലുമീ-
ച്ചിരിയും താംബൂലവും ഫലിതകഥകളും!

**6**

അന്നവനുള്ളംകുളിർത്തേകിയ താംബൂലവും
തിന്നു ഞാൻ കാലും തുള്ളിച്ചങ്ങിനെയിരിയ്ക്കുമ്പോൾ,

വേദനാമയമെന്റെ ചിന്തയെത്താലോലിച്ചൂ
ശീതളസായന്തന മാരുതകിശോരങ്ങൾ.

ആതപശുഷ്കം നീട്ടിപ്പിടിച്ചേ നിന്നൂ ചാരെ–
ക്കേതകീവനം ഹൃത്തിൻ വിഫലാഭിലാഷത്തെ.

മൂസ്സയോ പൊട്ടിച്ചിരിച്ചിളകീ; നർമ്മോജ്വല–
ഭാസ്സോലും തിരകളായൊഴുകീ വൃത്താന്തങ്ങൾ.

''വരുമാറായീ ബസ്സെ,''ന്നൊടുവിൽസ്സമാപിച്ചൂ;
ത്വരയാൽജ്ജിജ്ഞാസു ഞാൻ ചെയ്തുംപോയവിവേകം:

''കുട്ടികളില്ലേ മൂസ്സയ്ക്കെ?–''ന്ന ചോദ്യത്താ,ലയ്യോ,
ഞെട്ടുകയല്ലോ ചെയ്തൂ വിവശാശയൻ, വൃദ്ധൻ!

7

അതിഭീകരവർഷാശാന്തിയിൽപ്പോലേ ശബ്ദ–
ബധിരം ചരാചര ലോകങ്ങൾ നിലക്കൊൾകെ

ചോരപോയ്ച്ചുളിഞ്ഞൊട്ടി വിറയ്ക്കും ഗണ്ഡങ്ങളിൽ,–
ച്ചാരവർണ്ണമാം കുറ്റിത്താടിമീശകൾക്കുള്ളിൽ,

ഒഴുകിച്ചേരും ധാരാവാഹിയാം കണ്ണീരില–
ന്നെഴുതിക്കണ്ടേനൊരു മൂർത്തിമദ്വിഷാദത്തെ–

ആഴവും പരപ്പുമാർന്നുഡുപഞ്ജരംപോലൊ–
രാദ്യന്തവിഹീനമാമുജ്വലചൈതന്യത്തെ–

ദേവനിൽ, മനുഷ്യനിൽ,ത്തിര്യക്കി,ലണുവിലും,
ജീവസൗന്ദര്യം പാവും നിശ്ചലചലനത്തെ!

ഹാ, മറന്നുപോം ഞാനെമ്മട്ടിലാത്തരിശാണ്ട
ജീവിതത്തണ്ണീർപ്പന്തലേകിയ വിജ്ഞാനത്തെ?

# ഗ്രാമത്തിൽ ഒരു നർത്തകി

സുന്ദരിയാണാക്കലാവതി, തൂവെള്ള–
മന്ദാരകോരകം പോലെ.

ഏകാന്തമൂകനിശാന്ധകാരാവൃത–
ഭീകരവേദികയിങ്കൽ,

പട്ടിന്റെ വർണ്ണത്തിൽ വിദ്യുൽപ്രദീപ്തിയിൽ
മട്ടലർത്തൊത്തിലും മുങ്ങി,

അംഗചലനത്താലംഗുലീസംജ്ഞയാൽ
മംഗളദർശനയായി,

ചില്ലിയാലും കടക്കണ്ണിനാലും ഭാവ–
ഫുല്ലമാം പൂങ്കവിളാലും

ദിവ്യസുധാമയഗീതകല്ലോലിത–
നിർവൃതിദായികയായി,

വേദിയിൽത്താളത്തിൽത്താളത്തിൽ വീഴുന്ന

പാദച്ചിലമ്പൊലിമൂലം

മൂഢചിത്തങ്ങളിൽക്കേവലജ്ഞാനത്തിൻ
രൂഢരൂപങ്ങളെക്കൊത്തി,

ഒന്നായ്പ്പതിനാറു മാധവമാസങ്ങൾ
മന്നിലുദിച്ചതുപോലെ

ആയിരം ഗ്രാമീണമാംസചക്ഷുസ്സുകൾ–
ക്കാത്യന്തികഭ്രമമേകി,

നർത്തനം ചെയ്താളന്നാത്മാർത്ഥതോജ്വല–
സത്യപ്രകടനംപോലെ,

വണ്ടോടുപോലെ ചുരുണ്ടു തഴച്ച കാർ–
കൊണ്ടലൊഴുക്കിൻ നടുവിൽ

ചെന്താർമുകുളംപോൽപ്പുഞ്ചിരി പൂണ്ട വാ–
രന്തിശ്ശശികലപോലെ,

നീരവഗ്രാമീണജീവിതനോവിന്റെ
നീറും വ്രണങ്ങളിലൊക്കെ

തേനല ചിന്തുന്നൊരാപാതനിർമ്മല–
ദീനാനുകമ്പയെപ്പോലെ!

സുന്ദരിയാണാക്കലാവതി തൂവെള്ള–
മന്ദാരകോരകം പോലെ!

കാടുകളുണ്ടാക്കീ വായുവിൽ,കൈവിരൽ–
പ്പാടുകളാലെയാമ്പാല;

ജീവപ്രപഞ്ചങ്ങളൂറിക്കനത്തിതാ–
ബ്ഭാവപ്രവാഹച്ചുഴിയിൽ:

വെള്ളിച്ചിലങ്ക കിലുക്കീ തടിനികൾ;
വെള്ളാമ്പലാടീ സരസ്സിൽ;

പാദപശാഖയിൽത്തൂങ്ങിനിന്നൂ പെരും–
പാമ്പുകൾ; താഴത്തെപ്പുറ്റിൽ

നൂനം നിജാണ്ഡസങ്കേതം വിടാതുഗ്ര–
പീനഫണം വിടർത്തൂതി

കാനനശബ്ദങ്ങളോരോന്നുമുൾക്കൊണ്ടു
കാഞ്ചനവർണ്ണഗോകർണ്ണം;

കൂമ്പിട്ട രംഭതൻ പത്രമുരിഞ്ഞെടു–
ത്തീമ്പിനിന്നാനൊരു ഹസ്തി;

മറ്റൊരു ദന്തിയോ കുത്തിച്ചിനക്കിയ
മണ്ണിലാറാടിയും നിന്നൂ;

അണ്ണാനെപ്പായിച്ചു വാഴപ്പഴം പറി–
ച്ചുണ്ണുന്ന വാനരൻ ചാടീ;

ആടീ മയിൽപ്പിട; മോഹനപഞ്ചമം

പാടീ കരിങ്കുയിൽപ്പൂവൻ;

കണ്ണടച്ചീലോകമില്ലാത്തതെന്നുള്ളി–
ലെണ്ണിവാണൂ മുനിവർഗ്ഗം.

അത്ഭുത,മാ വികലാന്തരീക്ഷത്തിലു–
മെത്തുന്നിതാർദ്രമഹത്വം!

പല്വലക്കണ്ണാടിനീരിൽ പ്രതിഫലി–
ച്ചുള്ള തന്നാനനം നോക്കി,

ചാരുസ്മിതം തൂകി,ച്ചെമ്പിച്ചുപാറുന്ന
ചായലൊതുക്കാൻ ശ്രമിയ്ക്കെ,

പേടിച്ചു ചീരമാത്രാച്ഛാദിതാംഗിയാം
വേടവധു വിറക്കൊൾവൂ!

ആ മറിമാൻമിഴിയാളെത്തന്നക്ഷികൾ–
ക്കാലക്ഷ്യമാക്കിയ വേടൻ

സത്വരം ചാപം കുലച്ചുനിറുത്തിയി–
ട്ടത്യവധാനസമേതം

അസ്ത്രം തൊടുത്തു പിടിച്ചുമടുത്തടു–
ത്തെത്തിയുമങ്ങനെ നിൽക്കെ,

ഭീതിവിദാരിതയ്ക്കശ്രുപൊടിയുന്നു,
ഭീകരൻ നോക്കിയേ നിൽപ്പൂ!

അക്കിരാതന്റെ മുറുകിയ നാഡിയു–
മുൽക്കടോദ്വേഗം തുടിപ്പൂ!

ഊഴിയിലേയ്ക്കൂർന്നുവീഴവേ തന്നാവ–
നാഴിയും ശസ്ത്രവും വില്ലും,

കമ്പിതൻ കാടനാപ്പെണ്ണിന്റെ കണ്ണുനീർ
ചുംബിച്ചെടുക്കുന്നൂ ഗാഢം!

ആയിരം ഗ്രാമീണചിത്തം ഹരിച്ചവൾ
വായുവിൽ സ്വർഗ്ഗം രചിയ്ക്കെ,

ജീവപ്രപഞ്ചങ്ങളൂറിക്കനത്തിതാ–
ബ്ഭാവപ്രവാഹച്ചുഴിയിൽ!

എന്നിട്ടവളൊന്നു പുഞ്ചിരിക്കൊൾകവേ
വെന്നീർ പൊടിഞ്ഞിതെൻ കണ്ണിൽ!

സുന്ദരിയാണാക്കലാവതി, തൂവെള്ള–
മന്ദാരകോരകംപോലെ!

നർത്തനം തീർന്നു; പടുതച്ചുരുളുകൾ
തത്തിപ്പരക്കുകയായി

ആളുകളേറ്റു നില്പായീ, ചുഴലെയു–
മാളുന്നൂ ഘോരാന്ധകാരം!

വറ്റിവരണ്ടെഴും തോടിനെപ്പോ,ലൊരു

മൊട്ടച്ചരൽക്കുന്നുപോലെ,

നിശ്ശൂന്യം ഗ്രാമീണയാമം; അതാരാലോ
പുഷ്പഫലാഢ്യമായ് മാറീ,

ആ മഹാമന്ത്രികശക്തിയെക്കാണിക-
ളാദരിയ്ക്കുന്നില്ലൊരാളും:

ആരുമില്ലാ പാരിതോഷികം നൽകുവാ-
നാശീർവ്വദിയ്ക്കുവാൻ പോലും!

ഗാനം പൊഴിപ്പതുണ്ടുച്ചം സദസ്സിന്റെ
മാനസതന്ത്രികളൊക്കെ:

സുന്ദരിയാണാക്കലാവതി, തൂവെള്ള-
മന്ദാരകോരകംപോലെ!

ഉജ്വലഭാഷയിലപ്പൊഴേയ്ക്കും ബുദ്ധി
ഗർജ്ജനം ചെയ്യുകയത്രേ:

സമ്മോഹനാംഗിയെക്കീർത്തിച്ചു താനെങ്കിൽ,
സമ്മാനമേകി താനെങ്കിൽ,

കീലടിച്ചെങ്കിലോ, ഹാ നിജഖ്യാതിയാം
പാലൊളിച്ചന്ദ്രനെ ഗ്രാമം!

ഉത്തപ്തരാം കുലപൂർവ്വരാലാർജ്ജിത-
മുത്തുംഗമാമഭിമാനം;

എറ്റിവീഴ്ത്തുന്നു താൻ മൂഢനതിനെയി-
ന്നൊറ്റക്ഷണത്തിനാലെങ്കിൽ,

പാതകമെന്തുണ്ടതിൽപ്പരം? ഹാഹന്ത,
പാഷണ്ഡനാണു താൻ, പാപി!

''ആടിയാലാപ്പെണ്ണശുദ്ധയായ്ത്തീരുന്നൂ,
പാടിയാലും, നടിച്ചാലും,

ദേവസപര്യയ്ക്കയോഗ്യമാം നിർമ്മാല്യ-
പ്പൂവുപോൽ,'' ജ്ഞാനികൾ ചൊൽവൂ!

''അച്ഛന്റെ ശിക്ഷയിൽ,ക്കാന്തന്റെ ശിക്ഷയിൽ,-
പ്പുത്രന്റെ ശിക്ഷയിലെങ്കിൽ,

ആ വധുവത്രേ പതിവ്രതാരത്ന,''മെ-
ന്നാഗമസൂക്തികൾ ചൊൽവൂ!

പോകുവാനോങ്ങും സദസ്യരിലൊക്കെയെ-
ന്നേകാഗ്രലോചനം തങ്ങി:

ഏഷണി,മോഷണം, ചൂഷണമെന്നിവ
ഭൂഷണമാക്കി ഞെളിഞ്ഞും,

കുത്തുംകൊലയും കവർച്ചയും ജീവിത-
വൃത്തികളാക്കിപ്പുളഞ്ഞും;

അല്ലിലബലാഗൃഹകവാടങ്ങളെ-

ത്തല്ലിത്തകർത്തും തിമർക്കെ,

പൂണുനൂലും ജപമാലയും കൊന്തയും
പൂണ്ടവരാണവരൊക്കെ!

ബൈബിളും ഭാഗവതവും കൊറാനുമേ
നാവിന്മേൽ നർത്തനം ചെയ്കെ,

ഉള്ളത്തിൽച്ചോര ചിരിയ്ക്കുന്ന വാളുകൾ
തുള്ളുവോരാണവരൊക്കെ!

മാറാലപോലുള്ള സാമൂഹ്യബോധത്താൽ
മാനം മറച്ചവരായി,

മാനം തൊടും പടിയ്ക്കുജ്ജൃംഭിതാത്മാഭി–
മാനരാക്കാണികൾ പോകെ,

തിക്തങ്ങളെന്നപരാധസ്മരണകൾ
ഗൃദ്ധ്രചഞ്ചുക്കളെപ്പോലെ

ശക്തിരഹിതമാമെൻമനസ്സാക്ഷിയെ–
ക്കൊത്തിപ്പറിയ്ക്കുകയായീ:

കാട്ടിലെച്ചീരമാത്രാച്ഛാദിതന്മാരെ–
ക്കാട്ടിലും താഴെയോ നമ്മൾ?

അവ്യക്തമായി ഞാൻ കണ്ടു വിടരുമെ–
ന്നശ്രുയവനികയിങ്കൽ,

വിഹ്വലശ്യാമളച്ഛായാപരീതമാം
വിദ്യുല്ലതികയെപ്പോലെ,

ക്ഷീണിച്ചണിയറക്കട്ടിലചാരിക്കൊ–
ണ്ടേണാക്ഷി നില്ക്കുമാച്ചിത്രം:

നെറ്റിയിൽ സ്വേദാർദ്രനീലക്കുറുനിര–
പ്പറ്റങ്ങളൊട്ടിക്കിടപ്പൂ;

അശ്രുതുളുമ്പിക്കലങ്ങിക്കനക്കുന്നി–
തഞ്ജനക്കണ്ണുകൾക്കറ്റം;

വാടിയ ഗണ്ഡത്തിൽച്ചുണ്ടിലും ചായങ്ങൾ
കൂടിക്കലർന്നിളകുന്നു;

ചേവടി രണ്ടും വിറയ്ക്കുന്നു; വറ്റിയ
നാവോ ചലിപ്പൂ ദാഹാർത്തം

''ഭോഗങ്ങളെ ത്യജിയ്ക്കുന്നു ഞാ,''നെന്നൊരു
ഭീഷ്മപ്രതിജ്ഞയുമേന്തി,

ഉത്താനമീ മൂഢലോകത്തിൻ നേർക്കൊരു
പ്രത്യക്ഷഹാസവും തൂകി,

കൈകളാലുജ്വലസൗമ്യമാം തൻകലാ–
കൈവല്യശസ്ത്രവും വീശി,

അന്ധലോകാലോകഭാവിപഥങ്ങളെ–

ബ്ബന്ധുരകാന്തിമത്താക്കി

വെട്ടിപ്പിടിച്ചു പറന്നകന്നീടുവാൻ
വെമ്പിയും, നിശ്ചലയായും,

കട്ടിയായ്ത്തീരുവാൻ കാത്തുനില്ക്കുന്നൊരു
കണ്ണീർക്കടലിനെപ്പോലെ,

സുവ്യക്തമായി ഞാൻ കണ്ടേനവളെയെ–
ന്നശ്രുയവനികയിങ്കൽ:

സുന്ദരിയാണാക്കലാവതി, കത്തുന്ന
ചെന്തീയിൻകോരകംപോലെ!

# ഇരുമ്പിന്റെ കണ്ണീർ

മൃതയായ്ത്തീർന്നൂ കാളി വിഷബാധയാ,''ലെന്ന
കഥയുംകൊണ്ടാസ്സന്ധ്യയ്ക്കളിയൻ സമീപിയ്ക്കെ,

കരുവാൻ കുഞ്ഞുട്ടിയ്ക്കു കൂസലുണ്ടായീല, കൈ–
വിരലാലാജ്ഞാപിച്ചാൻ ''അളിയനിരുന്നാട്ടെ.''

അളിയൻ കിതപ്പോടെ നോക്കിയേ നിന്നൂ തീയി–
ന്നരികെപ്പണിയും നിസ്സംഗമീയൈകാഗ്ര്യത്തെ

ഇരുമ്പിലേറെക്കാലം വേലചെയ്യുകിൽ,പ്പാവ
മിരുമ്പായ്ത്തീരാമെന്നോ മാംസളമനുഷ്യത്വം?

2

അളിയനന്തർഗ്ഗതസ്നാതനായതുമിതു–
മവലോകനം ചെയ്തേ നിന്നുപോയ് കുറേ നേരം.

ആലയിൽ,ത്തന്മുന്നിലെ ക്കുണ്ഡത്തിൽ,ക്കാളായസ–
പാളിതൻ ചളി നക്കിക്കുടിപ്പൂ തീജ്വാലകൾ;

മണ്ണിന്റെ ദുഃഖം നീറി നീറിപ്പോയൊടുവേതോ
വിണ്ണിനെയുൾക്കൊള്ളുന്ന ജീവാത്മാവിനെപ്പോലെ

ശുദ്ധമായ്ത്തീരുംതോറുമരുണോജ്വലമായി–
ക്കത്താനും തുടങ്ങുന്നിതിരുമ്പിൻ ശകലങ്ങൾ.

പകലിൻ ചിതയിലുണ്ടന്തിനക്ഷത്രംപോലെ
മുകിലിൽപ്പൂഴ്ന്നോരെല്ലുമിരുളിൻ വിഷാദവും.

താഴെയോ, കണ്ടാനവൻ കവുങ്ങും തെങ്ങുംപോലെ
വാഴത്തൈകളെപ്പോലെ ച്ചലിയ്ക്കും ഭീരുത്വത്തെ

ചലനമത്രയ്ക്കത്ര കൂടിയേ വന്നു, ദൂര–
ത്തലയാഴിതൻ ദീർഘശ്വസിതങ്ങളോടൊപ്പം.

അടകല്ലു,ല,യുളി, ചുറ്റിക,കൂടം,കൊടി,–
ലരവും കുഞ്ഞുട്ടിയുമപ്പോഴും പ്രവർത്തിപ്പൂ

കാരിരുമ്പിന്മേൽക്കലാപാടവംമൂലം സർഗ്ഗ–

പ്രേരണാമയമായ സൗന്ദര്യം വിരിയിപ്പാൻ!

3

വെറ്റില നൂറും തേച്ചു തിന്നലും മുഖത്തുനി–
ന്നിറ്റിറ്റുവീഴും വിയർപ്പൊപ്പലും കഴിഞ്ഞപ്പോൾ,

അളിയൻ വീണ്ടും താണു നോക്കിയേ നിന്നൂ തീയി–
ന്നരികെപ്പണിചെയ്യുമവിരാമൈകാഗ്ര്യത്തെ.

ആളുകളെത്തീ മരക്കട്ടിലിൽക്കരുവാത്തി–
ക്കാളിയെച്ചുമന്നുംകൊണ്ടവിടേയ്ക്കപ്പോഴേയ്ക്കും,

കുട്ടികളകായിൽനിന്നോടിയും വന്നൂ തൂക്ക–
ക്കട്ടികളെപ്പോലുച്ചം കലമ്പിക്കൊണ്ടന്നേരം.

'എങ്ങിനെ സഹിയ്ക്കുമീ ക്കുട്ടികളിതെ'ന്നുള്ള
വിങ്ങലിൽത്തറഞ്ഞുനിന്നളിയൻ സംവീക്ഷിയ്ക്കെ,

മരിച്ചൂ പെറ്റമ്മയെന്നറിവായപ്പോൾപ്പൊട്ടി–
ച്ചിരിയ്ക്കയത്രേ ചെയ്തൂ കാളിതൻ സന്താനങ്ങൾ!

4

ഉൽസ്മിതപ്പൊടിപ്പോടെ, ദുഃഖവൈവശ്യത്തോടെ,
വിസ്മയാധിക്യത്തോടെ, ബ്ഭീയൊടെ, രോഷത്തോടെ,

അളിയനനങ്ങാതെ നോക്കിയേ നിന്നൂ തന്നെ–
ച്ചുഴലുമിവ ലോഹരൂപങ്ങളാണെന്നുണ്ടോ?

അറിവീല,ച്ഛൻ പണ്ടു പെങ്ങളെക്കെട്ടിച്ചതീ–
ക്കരുവാൻ കുഞ്ഞുട്ടിയ്ക്കു തന്നെയോ, മാറ്റാർക്കാനോ?

കാളി പെറ്റവർതാനോ പൂഴിയിൽച്ചിരിച്ചാർത്തു
കാറതട്ടുമീക്കരിങ്കുട്ടികളെല്ലാവരും?

5

അളിയനനങ്ങാതെ നോക്കിയേ നിന്നൂ തീയി–
ന്നരികെപ്പണിയും നിർബ്ബാധമാമൈകാഗ്ര്യത്തെ.

കിളർന്നൂ വാരമ്പിളി ചക്രവാളത്തിൽ; സർവ്വം
തെളിഞ്ഞൂ മുൻകാലത്തിൻ നേരിയ നിഴൽപോലും:

കാളിയന്നൊരു ഭദ്രകാളിയായിരുന്നത്രേ
കാളികാകരാളയാം കാളരാത്രിയെപ്പോലെ;

മുറുക്കിൻകറ പറ്റിക്കറുത്തും വരി തെറ്റി–
ത്തെറിച്ചുമൊരുപറപ്പല്ലുകളുണ്ടാ വായിൽ;

ആറടി പോരാ പൊക്കം! അവൾക്കുണ്ടെരുമത–
ന്നാകൃതി, തൊലിക്കനം, നിറവും, ശാരീരവും.

മുലപ്പാലിനുവേണ്ടി കൈക്കുഞ്ഞു കരഞ്ഞാലും,
വലിയ കിടാത്തന്മാർ കഞ്ഞിയ്ക്കായിരന്നാലും,

നീർക്കുടം ചുമന്നവരണയും നേരം മുതു
നീർത്തുവാൻ നിലത്തൊന്നു വെച്ചു നിശ്വസിച്ചാലും,

ഒന്നേറെച്ചിരിച്ചാലു, മൊച്ചയിട്ടാലും, വല്ല–

തൊന്നേതാണ്ടഹിതമായ് ത്തിരിഞ്ഞാൽ, മറിഞ്ഞാലും,

തെറിയും വിളിച്ചോതിപ്പെറ്റമ്മ പറങ്കിമാ–
ന്തറിയാൽപ്പേറിപ്പാകംവരുത്തുമവറ്റിനെ.

അടകല്ലിന്മേലടിച്ചുയരും കൂടത്തിന്റെ
രടിതം മാത്രം കേൾക്കാമാലയിലന്നേരത്തും!

6

വെളിവായ്ക്കണ്ടാനനുസ്മൃതിയാം മുകുരത്തി–
ലളിയൻ നാട്ടാർതമ്മിൽപ്പറയും പഴങ്കഥ:

കാതടപ്പിയ്ക്കും പച്ചത്തെറിയുമെലിമ്പൊടി–
ഞ്ഞീടുമാറെഴും ക്രുദ്ധഭേദനങ്ങളും കേൾക്കാൻ

ആ വഴിപോകാറില്ലാ മാനികൾ; പോകുന്നാകി–
ലാനനം താഴ്ത്തിക്കുതിച്ചകലും മടുപ്പോടെ.

എങ്കിലും, തെറികളും പേറലും തീർന്നാ,ലെന്തി–
നെന്നതാരറിയാവൂ കുഞ്ഞൂട്ടി പിടഞ്ഞേല്ക്കും;

അടിയാൽത്തൊലി പൊള്ളച്ചുരിഞ്ഞു നീറീടുമ്പോ–
ളകറിത്തുള്ളീടുന്ന മക്കളെസ്സമീപിയ്ക്കും;

താൻതന്നെ കോരീടിന ശീതളജലത്താലേ
ശാന്തനാക്ഷതങ്ങളിൽദ്ധാരയുംചെയ്യും പിന്നെ;

ചായയും പിട്ടും വങ്ങിക്കൊടുക്കും; തൻവക്ഷസ്സിൽ–
ച്ചായുവാൻ നിർദ്ദേശിയ്ക്കു; മാശ്ലേഷിയ്ക്കയും ചെയ്യും

അവരോ, തേങ്ങിത്തളർന്നുറങ്ങും സുനിർബ്ബാധ–
മലയാഴിതൻ നെഞ്ചിൽക്കാല്യവാതത്തെപ്പോലെ.

7

അളിയനനങ്ങാതെ നിന്നുപോയുള്ളിൽത്തേട്ടു–
മഴലിൻ തിരകളിലിളകും വെളിച്ചത്തിൽ;

പാവമാണറിവില്ലാത്തവളാണയ്യോ, കാളി
കേവലം തമസ്സാണ്ടസിംഹിതൻ ഗുഹപോലെ;

പാവങ്ങ,ളറിവില്ലാത്തവരാണയ്യോ,മക്കൾ
പാഴിരുട്ടിലും കൂവും കൂരിപ്പക്ഷികൾപോലെ!

8

അളിയനുടൻ ഞെട്ടിത്തെറിച്ചാൻ: കുഞ്ഞൂട്ടിയു–
ണ്ടലറിയെഴുന്നേൽപ്പൂ പഴുത്ത കൊടിലോടെ.

അമ്മതൻ ശവം ചൂഴ്ന്നുണ്ടപ്പോഴും തുള്ളീടുന്നു
ദുർമ്മൃതി പുറംതള്ളും പ്രാണങ്ങൾപോലമ്മക്കൾ.

മക്കളെപ്പിടിച്ചച്ഛൻ നിരത്തിനിറുത്തുന്നു;
നിർദ്ദയം കൊടിലെടുത്തടിപ്പാനാരംഭിപ്പൂ.

ഇളകാതനങ്ങാതെ നില്ക്കയേ ചെയ്വൂ പുല്ലു,–
മിളയും, വിഹായസ്സും, മരവും, കടൽക്കാറ്റും.

മാനുഷശരീരത്തോടിടയുമിരുമ്പിന്റെ

ഗാനമേ പൊങ്ങിപ്പരന്നൊഴുകിത്തുടിയ്ക്കുന്നു;

ശ്രുതിയായ്ക്കേൾപ്പൂ ബാലരോദനം; അളിയന്റെ
ഹൃദയം താളംകൊട്ടിത്തകരാനുദ്യോഗിപ്പൂ!

**9**

''അരുതീവിധം,'' ചാതിക്കാരനായോടിച്ചെന്നാ–
നളിയൻ; കുഞ്ഞൂട്ടിയോ ചോരച്ചു വിറക്കൊണ്ടാൻ:

''അളിയന്നറിയില്ല ചത്തതെൻ കരളാണെ–
ന്ന,രുമക്കുഞ്ഞുങ്ങളെൻ കരളിൻ കരളെന്നും.''

# വിഷാദമൂർത്തി

അജ്ഞാതകാരണം മാമകമാനസ–
മസ്വസ്ഥമായിതാസ്സായാഹ്നത്തിൽ;

എങ്ങോട്ടെന്നില്ലാതിറങ്ങി നടന്നു ഞാ–
നെൻമുന്നിലിഴയും നിരത്തിലൂടെ.

തോളോളമൂർന്ന കരിങ്കുഴൽച്ചാർത്തുക–
ളോളംതല്ലുംപടി നടനമാടി

കാലുറയ്ക്കാഞ്ഞ തൈത്തെങ്ങുകളെന്മുന്നിൽ
പ്രാലേയസ്വേദം പൊടിഞ്ഞവശം;

വെട്ടിത്തിളങ്ങുന്ന പൊന്നന്തിച്ചെങ്കതിർ–
പ്പട്ടിന്റെ ഞെറികളുലഞ്ഞിളകി.

വീർപ്പാൽക്കിതപ്പാൽക്കുഴഞ്ഞുടനവ മണ്ണിൽ
വീഴുമെന്നോർത്തേൻ ഞാനനുനിമിഷം.

നല്പിലവതൻ കുരൽകളിൽക്കുലകളായ്
നില്പല്ലോ പച്ചച്ചിളംകനികൾ.

നൂനമവയും തുടുപ്പണിഞ്ഞമൃതിളം–
നീരുള്ളിലേന്തിത്തുളുമ്പിനില്ക്കും;

ജീവികളവയെപ്പറിച്ചെടുക്കും, തൃണ–
ഭൂവിലിരുന്നു വിശപ്പടക്കും;

പട്ടകളെല്ലാം പഴുത്തുകൊഴിഞ്ഞിടും;
പുത്തൻപൂക്കുല കിളർന്നുല്ലസിക്കും

പൂവിട്ടും കായ്ചുമൊടുവിലോ, പാറ്റത്തെ–
ങ്ങൂഴിയിൽ വീണു പൊടിഞ്ഞുപോകും.

ആരാരാക്കാലത്തനുസ്മരിച്ചീടുമീ–
യാലോകരമണീയനർത്തനത്തെ

എന്നെന്നും വായുവിൽത്തങ്ങിക്കിടക്കാവു–
മന്യൂനലഹരിതൻ സ്പന്ദനത്തെ?

(ചന്തക്കോളും ചുമന്നെത്തിയ നാടന്മാ–

രെന്തിനോ നിന്നാരനക്കമെന്യേ,

കണ്ണിലെച്ചിന്തയാലെന്മെയ്യുഴിഞ്ഞുകൊ-
ണ്ട,ന്യോന്യം മന്ത്രിച്ചുമമ്പരന്നും.)

2

അപ്രസന്നത്വമിഴുകി നഭസ്സിന്റെ
ചക്രവാളങ്ങളിലപ്പൊഴേയ്ക്കും;

തന്നാത്മനീലപടത്തിന്മേൽബ്ബിംബിച്ചി-
തെന്നിട്ടും, വർദ്ധിതസുപ്രതീക്ഷ.

എൻമുന്നിലിഴയും നിരത്തിലൂടേകനാ-
യെങ്ങോട്ടെന്നെന്യേ നടന്നുപോം ഞാൻ

പാർശ്വഭാഗത്തെഴും തെങ്ങണിത്തോപ്പിലെ-
പ്പാതിയും ജീർണ്ണിച്ച മൺകുടിലിൽ

ഉന്നിത്തറയുന്ന മിഴിയോടെ,ക്കരളോടെ,
നിന്നുപോയ്ച്ചലനമറ്റെത്ര നേരം?

അലയടിച്ചെന്നോടുരുമ്മിക്കടന്നുപോ-
യനവധി പകലുകളിരവുകളും.

പുറ്റാമിക്കൂട്ടിലും പണ്ടൊരുകാലത്തു
മുറ്റിത്തഴച്ചില്ലേ മർത്ത്യജന്മം?

എല്ലുമുറിയവെജ്ജോലിചെയ്തീടുവാൻ,
പല്ലുമുറിയവെത്തിന്നുവാനും,

ആടാനും, പാടാനും, ആണിനെപ്പെണ്ണിനെ-
ത്തേടിപ്പിടിച്ചിണചേരുവാനും,

തൻതൻ കിടാവിന്റെ പുഞ്ചിരി കാണുവാൻ,
തൻതന്നഭിജനം സ്ഥാപിപ്പാനും,

ആശപൂണ്ടാവസിച്ചില്ലയോ സ്നേഹിക്കു-
മാളുകളന്നീപ്പഴയ വീട്ടിൽ?

പഞ്ചഭൂതങ്ങളിലേയ്ക്കേ തിരിച്ചിത-
പ്പഞ്ചഭൂതോൽഭിന്നരാകെ വീണ്ടും.

മണ്ണിലലിഞ്ഞുപോയവരന്നൊഴുക്കിയ
കണ്ണീരിൻ കണികകളെന്തിനാവോ;

എന്തിന്നലിഞ്ഞുപോയവർതൻ ചിരികളും,
ഹന്ത,യിശ്ശബ്ദപ്രപഞ്ചഹൃത്തിൽ?

(ശിലപോലിരിക്കുമെൻ തനുവിനെ,ച്ചൂട്ടിന്റെ
തെളിമയാൽപ്പാന്ഥരുഴിഞ്ഞുനോക്കി;

പലരും പരസ്പരം മന്ത്രിച്ചു; ‘നൊസ്സ’നെ-
ന്നൊരു പൊട്ടിച്ചിരിയും ചിരിച്ചു നീങ്ങി.)

3

അപ്രസന്നങ്ങളായ്ത്തീർന്നിതു പിന്നെയു-
മക്ഷി,യസ്വസ്ഥവുമന്തരംഗം.

മുകളി,ലപാരത തൂകിയ കണ്ണുനീർ–
ക്കണികകളെന്നപോൽച്ചിതറിനിന്നൂ,

അതിരില്ലാത്താമസപിണ്ഡത്തെപ്പിന്നെയും
കഠിനമാക്കീടുന്ന താരകങ്ങൾ.

എൻമുന്നിലിഴയും നിരത്തിലൂടേകനാ–
യെങ്ങോട്ടെന്നെന്യേ നടന്നകന്നൂ,

നിഴലാണ്ടു നനവോലും നയനവുമനുപദം
കുഴയുന്ന കഴലുമാർന്നവശനാം ഞാൻ.

പരുഷമാമൊരു കയ്യെൻ തോളത്തു വീണു, ഞാൻ
പിരിയം വിടർത്തി,ത്തലയുയർത്തി:

ചന്തയിൽപ്പോയിത്തിരിച്ചു വരികയാ–
ണെൻതോഴ,നാ നല്ല പൊതുമനുഷ്യൻ!

കയ്യെടുത്തോതിനാനപ്പോഴേയ്ക്കദ്ദേഹം,
''അയ്യയ്യോ പൊള്ളുന്നു നിന്റെ ദേഹം.''

പിന്നെയും ചൊല്ലിനാനന്നത്തെദ്ദിനപത്രം
തന്നുകൊണ്ടാ നല്ല പൊതുമനുഷ്യൻ,

''ഭരണാധികാരപ്രമത്തരീ യുദ്ധത്തി–
ലെറിയുംപോലണുബോമ്പും നീളെനീളെ!''

''പോകെടോ താ,'' നെന്നലറി ഞാനുച്ചത്തിൽ;
പോന്നു ഞാൻ കുതികൊള്ളും കാലുകളിൽ:

ജന്മനാ ദുഃഖം ചുമപ്പവരന്യോന്യം
കന്മഷംകൊള്ളുന്നതെന്തിനാവോ!

ഒരു മാത്ര കിട്ടിയാലൊരു മാത്ര തങ്ങളിൽ
കരുണ പെയ്തീടുകിലെത്ര നല്ലൂ;

മധുരമാ മാരിയിൽജ്ജീവിതസങ്കടം
മറചെയ്യാമെങ്കിലതെത്ര നല്ലൂ!

അധികാരഭ്രാന്തിയാലറിവീലിപ്പാവങ്ങ–
ളപഗതമാം മഹാനഷ്ടമെന്നോ!

നിലനിർത്താൻ കൊള്ളാത്ത ദുർബ്ബലരെന്തിനോ
നിഹനിച്ചീടുന്നതവനവനെ!

(കുതികൊള്ളും കാലിലലക്ഷ്യനായ്പ്പോമെന്നെ
പ്പഥികന്മാരാരോ തടഞ്ഞുനിർത്തി;

''ഹാ, മുഴുഭ്രാന്തെ,''ന്നു സഹതാപംകൊണ്ടു; ഞാൻ
ഭൂമിതൻ മാറിൽക്കമിഴ്ന്നുവീണു.)

**4**

മിഴിനീരനർഗ്ഗളമൊഴുകിക്കുതിർന്നുപോയ്
വഴിയിലെപ്പൂഴിത്തരികളെല്ലാം:

കണ്ണും ചെവിയുമടഞ്ഞെനിയ്ക്കിതിനാലേ

മണ്ണായിത്തീരാൻ കഴിഞ്ഞുവെങ്കിൽ;

അല്ലെങ്കിൽ,ച്ചിന്ത വിട്ടൊരുമാത്ര ഘോരമാ–
മല്ലിലെൻ ജീവനുറങ്ങിയെങ്കിൽ;

മൽഗളനാളത്തിൽത്തടയുമിശ്ശാശ്വത–
ഗൽഗദം പൊട്ടിത്തകർന്നുവെങ്കിൽ!

# കവിയുടെ പരാജയം

നട്ടുച്ചത്തീനാളങ്ങളുതിർത്തീടുന്നൂ വാന–
മൊട്ടുമുൾക്കനിവില്ലാതെൻകുടിലിതിൻമീതെ.

ഞാനിരിയ്ക്കുന്നൂ മൂന്നു കാലെഴും ബഞ്ചിൽ ദൂരെ
മാനത്തെൻമിഴിനട്ടു മിണ്ടിടാതനങ്ങാതെ.

കരളിൽക്കൊളുത്തുന്നൂ വേദന: ഞാനെന്തിന്നു
കവിയായ്ത്തീർന്നൂ ലോകനിന്ദതൻ കല്ലേറേല്ക്കാൻ?

കരയുന്നു മൽപ്രേമാധീശ്വരിയുച്ചം, പെയ
പറയും കിടാവിനെ മെലിഞ്ഞ കൈയാൽത്താങ്ങി!

അവനെന്തെന്നോ? നിങ്ങളെന്തിനതന്വേഷിപ്പൂ?
കവിതൻ 'മോന'ല്ലയോ? ചത്തു മണ്ണടിയട്ടെ!....

പറയാ,മതും ചെയ്യാം പനിയാണെൻ കുഞ്ഞിന്നു....
പടിയും കടന്നാ,വൂ, വരുന്നൂ തപ്പാൽക്കാരൻ!.....

പത്രവും കത്തും മുന്നിലിട്ടുകൊണ്ടതാ, പോയീ
കൃത്യനിഷ്ഠനദ്ദേഹം കാശിന്നും വന്നിട്ടില്ലേ?....

ചോദിയ്ക്കാം....ചോദിക്കുന്നതെന്തിനു?..... കാശുണ്ടെങ്കിൽ–
ച്ചോദിയ്ക്കുംമുമ്പേ തന്നെ തന്നിടാറുണ്ടദ്ദേഹം....

അഥവാ മറന്നാലോ? മറന്നാൽ.... എന്തിന്നേവം
കൊതിയാലാകാശത്തു കോട്ടകെട്ടുന്നൂ പാഴിൽ?...

എങ്ങിനെ രക്ഷിയ്ക്കേണ്ടൂ കുഞ്ഞിനെ?...കൊടുംപശി–
യെന്തിനെൻ കുടലിന്മേൽക്കൊളുത്തിട്ടമർത്തുന്നു?

ൟൟൟ

കാതടഞ്ഞതുമിതുമോർക്കവേ ഗൃഹാന്തത്തി–
ലാതുരനാമെൻമോനുണ്ടീവിധമഴലുന്നു:

''പായസം കുടിയ്ക്കാഞ്ഞാൽച്ചത്തുപോകും ഞാനമ്മേ,
പായസം.... അമ്മയ്ക്കെന്നെ സ്നേഹമില്ലല്ലോ തീരെ!''

നിഴലാണ്ടെഴും രണ്ടു കൺകുഴികളിൽനിന്നു–
മൊഴുകും തപ്താശ്രുവാൽത്തൻകരം കുതിരവേ,

എല്ലിച്ചു ചളി തിങ്ങിക്കറുത്ത കുഞ്ഞിൻ കവി–
ളെൻപ്രാണപ്രിയ മെല്ലെത്തഴുകുന്നുണ്ടാമിപ്പോൾ.....

കത്തുകളോരോന്നും ഞാനോടിച്ചു വായിയ്ക്കുന്നു!

പുത്തനാം ഗാനം വേണം   ലോകത്തിലെല്ലാവർക്കും!...

ചോരയെൻ സിരകളിൽ ചുട്ടുചുട്ടലയ്ക്കുന്നൂ!
ക്രൂര,മീയതിക്രൂര ലോകം പോയ്ത്തുലഞ്ഞെങ്കിൽ!

ഭാവന കത്തിക്കത്തിപ്പാളുമ്പോ,ളാത്മാവിന്റെ
പാവനഗീതം താഴെ ക്കുറിച്ചതിമ്മട്ടായീ:

''പാടണം,നിനക്കായ് ഞാൻ പാടണം, പശി തിന്നു
പാടണം – പാടാം, പാടിപ്പാടി ഞാൻ മരിയ്ക്കട്ടെ.

എന്റെ ജീവിതഗാഥാത്ധരിതൻ ലഹരിയി–
ലെന്റെ ലോകത്തിന്നെന്നും പുളകം മുളയ്ക്കട്ടെ.

ആവുകില്ലിരിയ്ക്കാൻ മേ പാവനോജ്ജ്വലധീര–
ജീവിതസമരത്തിന്നാവേശമുണർത്താതെ!

അങ്ങിനെ പാടിപ്പാടിപ്പാടി ഞാൻ തളരുമ്പോൾ,
മങ്ങലെൻ മിഴിയുടെ വെളിച്ചം കവരുമ്പോൾ,

പിടയും മജ്ജീവനെൻ ചുണ്ടത്തെ നനവാകെ–
ക്കുടിച്ചുവറ്റിക്കുമ്പോളടഞ്ഞുപോമെൻ ശബ്ദം.

ഒരു കണ്ണുനീർത്തുള്ളി നീയുതിർത്തീടാമപ്പോ–
ളൊരു കണ്ണുനീർത്തുള്ളി ആദ്യത്തെക്കൃപാബിന്ദു.

അതിനാൽ,ക്കത്തും ദാഹമടക്കിക്കൊള്ളാം; നിന്റെ–
യപരാധത്തിന്നുള്ളാൽ മാപ്പു ഞാൻ നൽകിക്കൊള്ളാം!

എന്റേതുതാനല്ലീ നീ ചെയ്തതെന്തെന്തായാലു–
മെന്റേതുതാനല്ലീ നീ ലോകമേ, കാലാകാലം?...''

ൗൗൗ

നീറിടും നിമിഷങ്ങൾ നീങ്ങവേ മുറിക്കുള്ളിൽ
നീളുന്നൂ കിടാവിന്റെ ദീനരോദനം വീണ്ടും!

ധീരമെൻഗീതം വീണ്ടും പാടി ഞാൻ..... മുറിയ്ക്കുള്ളിൽ
നീളുന്നൂ കിടാവിന്റെ   ദീനരോദനം വീണ്ടും!

ചോരയെൻസിരകളിൽ ച്ചുട്ടുചുട്ടലയ്ക്കുന്നൂ:
ക്രൂരമീയതിക്രൂരലോകം പോയ്ത്തുലഞ്ഞെങ്കിൽ!

# എന്നും പതിനാറ്

ഒരു നവ്യവാസരം കൺ തുറന്നു;
തിരതല്ലി ജീവൻ ജഗത്തിലാകെ

ചെറുകാറ്റു മന്ദാരത്തയ്യിനോലും
നറുചുണ്ടിലായിരമുമ്മവെയ്ക്കെ.

മനവളപ്പാകേ നിറഞ്ഞുപോയീ
ജനതയാൽ; ഓമന ജാതനായീ!

അടിയാർതന്നാർപ്പുവിളികളാല–

ന്നവിടം മുഖരിതമായി മാറി:

കൊതിപൂണ്ടതല്ലവരെത്ര കാലം
ഒരു കുഞ്ഞിക്കാൽ കണ്ടു കൺകുളിർക്കാൻ!

ചിരിതന്നെ,'കെട്ടി''ലിരിയ്ക്കണമ്മാർ'–
ക്കൊരു പുത്തനുന്മേഷനൃത്തംതന്നെ!

നയനത്തിൽ നീഹാരബിന്ദു ചിന്നും
നറുമൊട്ടണിപ്പനീർത്തയ്യുപോലെ,

മതിവിങ്ങിയാനന്ദബാഷ്പമാർന്നാ–
പ്പതിനാറുകാരിയാം മാതു നിന്നു.

ൗൗൗ

'പുലിനഖമോതിരം' ചാർത്തി മിന്നി
പലവട്ടം പ്ലാശുകളാത്തൊടിയിൽ;

കടവിൽത്തവളകളോത്തു ചൊല്ലു–
മിടവമാസങ്ങൾ നിലവിളിച്ചു;

പല ഗൃഹത്തിങ്കലും ചാത്തമുണ്ടു
പലവട്ടം വീണ്ടും മകത്തടിയൻ;

മകരങ്ങൾ വന്നു മടങ്ങി, മഞ്ഞാൽ
ഖദറിട്ടു കാറ്റിലിംഗ്ലീഷു തുപ്പി!

പതിനാറുകാരിയാം മാതുവിന്നും
പതിനാറുകാരിയാം മാതുതന്നെ!

ൗൗൗ

ഒരു നാളിൽ മാതുവുരൽപ്പുരതൻ
ചുമർചേർന്നിരുന്നുകൊണ്ടോർത്തുനോക്കി:

ഇരുപതാണ്ടപ്പുറം, തന്മനസ്സി–
ലിളവെയിൽ വീശിയ പൊന്നുഷസ്സിൽ,

തുടുപൂവൽക്കുഞ്ഞിക്കാലൂക്കിലൂക്കിൽ–
ക്കുടയുമൊരുണ്ണിതന്നോമനത്തം.

പനിനീർപ്പൂ തോൽക്കുമാക്കൈക്കിടാവിൻ
പരിണാമമോർത്തവളൊന്നു ഞെട്ടി:

അവൾതൻ പതുത്ത കൈവെള്ളയിങ്കൽ,
അവൾതൻ തഴപ്പാർന്ന മാറിടത്തിൽ,

അഭയം വളർന്നൊരാബ്ബാല്യമിപ്പോ–
ളലയുന്നു വിണ്ണിൻ സമുന്നതിയിൽ.

നിമിഷങ്ങൾ–സോദ്ദേശനൃത്തമാടും
നിമിഷങ്ങൾ–എന്തെല്ലാം ചെയ്തുതീർത്തു!

പതിനാറുകാരിയാം മാതുവിന്നും
പതിനാറുകാരിയാം മാതുതന്നെ!

ൗൗൗ

കുടിവെപ്പിൻ ഘോഷമൊതുങ്ങിയപ്പോൾ

കുറെ നേരം മാതു തരിച്ചുനിന്നു.

ചുരുളാർന്നു നീണ്ട പൂഞ്ചായലു,മാ–
ക്കരിമിഴി പൂണുമുദാരതയും,

തെളിവെള്ളത്താമരപ്പൂവുയർത്തി–
പ്പുളയും മൃണാളംപോലുള്ള മെയ്യും
തനതോമൽ'ക്കുഞ്ചുനമ്പൂതിരി'യ്ക്കാ–
ത്തളിർമെയ്യാളേറ്റമിണങ്ങി നിൽപ്പൂ!

ശരിതന്നെ പക്ഷേ, തുടിച്ചുപോയി
കരളെന്തോ പെട്ടെന്നതിധൃതിയിൽ;

അതിദൂരമസ്പഷ്ടമെന്തിലേയ്ക്കോ
കുതികൊണ്ടൂ മാംസപരിമളങ്ങൾ!

പതിനാറുകാരിയാം മാതുവിന്നും
പതിനാറുകാരിയാം മാതുതന്നെ!

ဘဘဘ

മഴ വന്നു; നഞ്ച തളിർത്തു പൊങ്ങി;
മധുരിയ്ക്കും പാൽക്കതിരിട്ടു പാടം.

തടവറ്റു പാലുറപ്പാർന്നിതാ നെൽ–
ച്ചെടികൾതൻ വിത്തറ പൊന്നുപൂശി.

പുതിയ 'കുഞ്ഞാത്തോ' ലൊരോമനയെ
പ്രസവിച്ചു മാതുവിന്നൊക്കിലേറ്റാൻ!

മനവളപ്പാകെത്തെളികയായാ–
ക്കനകത്തിൻ കാലിട്ടടികളാലെ!

ശരിതന്നെ എന്നാലിടിമുഴങ്ങി
കരളിൽ, താനുണ്ണിതൻ സ്പർശമേല്ക്കെ;

അതിനോടടുക്കവേ വേദനയാ–
ലവൾതൻ നയനമിരുണ്ടുപോയി!

പതിനാറുകാരിയാം മാതുവിന്നും
പതിനാറുകാരിയാം മാതുതന്നെ!

ဘဘဘ

അലിവുറ്റ ധാത്രിയാം തൻ പഴംകൈ–
വലയത്തിലുണ്ണിതൻ ഭാവിഭാഗ്യം

തിരുമേനിയേല്പിച്ച സന്ധ്യയിങ്കൽ–
ത്തരളമനസ്സുമായ് മാതു നിന്നു;

ഇളമരുത്തപ്പോളെടുത്തുയർത്തീ
ചില വെള്ളിരോമമാക്കാർകുഴലിൽ.

ഒടുവശ്ശിശുവിനെത്തോളിലേന്തി–
ത്തൊടിയിലുലാത്തീ കുറച്ചുനേരം.

മിഴിനീരിലൂടവൾ നോക്കിനിന്നാ–
ളഴകാർന്ന കുഞ്ഞിന്റെ ഭാവഭേദം.

ഞൊടികളാൽപ്പൊട്ടിക്കരഞ്ഞു, കുഞ്ഞിൻ
ചൊടികളിൽച്ചുംബനമൂർന്നുവീണു.

അവളക്കുരുന്നിനെത്തന്റെ മാറി-
ലതിഗാഢം ചേർത്തു പുണർന്നുപോയി!

ഞെരിയുമാക്കുഞ്ഞുടനൊന്നലറി:
തകരാഞ്ഞതെന്തീ പ്രപഞ്ചമപ്പോൾ?

തളരാത്ത തൻകരബന്ധനത്തിൽ,
കുളിരാർന്നോരുണ്ണിത്തണ്ടെന്നപോലെ,

ശിശുവിനെപ്പൂണ്ടവൾ നിന്നുപോയീ
ശിലപോലാബ്ഭീമസമാധിയിങ്കൽ.

ഇരുളാൽ പ്രകൃതിയാ രംഗമാകെ-
ത്തിരയിട്ടു മൂടുകയായിരുന്നു;

മരമെല്ലാം ശ്വാസം നിലച്ചമട്ടിൽ
മരവിച്ചു നില്ക്കുകയായിരുന്നു.

പതിനാറുകാരിയാം മാതുവിപ്പോൾ
പതിനാറുകാരിയാം മാതുതാനോ?

# കർത്തവ്യമാർഗ്ഗത്തിൽ

പരിഭ്രമിക്കാതെ കരുത്തൊടൂന്നട്ടെ
പദങ്ങളോരോന്നുമപൂർണ്ണഭാഗ്യൻ ഞാൻ.

വഴുക്കാനും കഴലിടറിക്കീറാനും
വഴിയുണ്ടെത്രയീ മഹാപ്രപഞ്ചത്തിൽ!

ഒരുപുറം ചതുപ്പണിപ്പിളർപ്പുകൾ,
മറുപുറത്താട്ടേ മലമുടികളും.

അവയ്ക്കിടയിലൂടകന്നുപോകുന്നു-
ണ്ടവക്രമാമൊറ്റപ്പെരുവഴിമാത്രം

അനേകവർഷത്തെക്കഠിനനീതിക-
ളടിഞ്ഞതായ്, ക്കണ്ണീരിഴുകിയതായി.

നരച്ചു ജീവിച്ച പിതൃപിതാമഹ-
നിരയിലേകന്റെ തലമുടിരോമം

പതിച്ചതെന്നു നാം ധരിച്ചുപോംമട്ടിൽ
പരിമിതമാണാ വെളുത്ത നേർവഴി.

വഴിവിളക്കില്ല തിരിച്ചറിയുവാൻ,
പൊഴിവീലമ്പിളിക്കതിരുമീ രാവിൽ.

ഒരു നേർത്ത നാട്ടുവെളിച്ചം മാത്രമു-
ണ്ടരണ്ടുനില്ക്കുന്നു നിനവുകൾപോലെ.

ഹരിതവർണ്ണമാമുദയപർവ്വത-

ച്ചെരിവിലെത്തരുലതകളിലാട്ടേ,

അണിവെളിച്ചങ്ങൾ വിരിഞ്ഞുലയുവാ-
നിനിയും വേണ്ടയോ വളരെ യാമങ്ങൾ?

അതിവിദൂരമാണദൃശ്യവും നര-
ന്നണയേണ്ടും ലക്ഷ്യം, അമേയവും പക്ഷേ.

ഇളകാതെ നിന്നൂ കുറച്ചിടയെങ്കി-
ലിളകലില്ലവനൊരിയ്ക്കലും പിന്നെ.

ഝഝഝ

പരിഭ്രമിയ്ക്കാതെ കരുത്തൊടൂന്നട്ടെ
പദങ്ങളോരോന്നുമപൂർണ്ണഭാഗ്യൻ ഞാൻ.

അനുകമ്പാമൃതം ചൊരിവിതെന്റെ മേ-
ലകലെ മിന്നിടുമുഡുക്കളേ, നിങ്ങൾ,

''ഉറപ്പിച്ചൂന്നട്ടെ വഴിപോക്കനൊരേ-
യൊരുറ്റ ബന്ധുവാം ഗരിഷ്ഠസത്യത്തെ.''

വെളിച്ചമായ്ത്തീർന്ന തപോബലങ്ങളേ,
വിളിച്ചുചോദിപ്പേനറിവുകേടിനാൽ:

വഴക്കില്ലാ, ശശ്വൽസുഹൃത്തത്രേ സത്യം,
മുഴുത്ത വിശ്വാസ്യപ്രകൃതിയും, പക്ഷേ,

അതാണസത്യമെന്നി,താണു സത്യമെ-
ന്നറിവൂ നാം വീക്ഷാവിധേയമായല്ലി?

പിഴച്ചെങ്കിൽപ്പൊറുത്തരുളിടുമല്ലോ:
പഴുത്തതത്രയ്ക്കും മൃദുലമാമല്ലോ.

അനുസരിയ്ക്കാം ഞാൻ പരാതിയെന്നിയേ:
വിനയമാപാതമധുരവുമല്ലോ.

അറിഞ്ഞാൽക്കൊള്ളാമെന്നൊരൊറ്റ വാശിയു-
ണ്ട,ളവുകോലേതിശ്ശരിയ്ക്കും തെറ്റിന്നും?

അടവികൾ വെട്ടിപ്പിടിയ്ക്കാനും, മല-
ന്തടങ്ങളെക്കീറിസ്സുഖം വിതയ്ക്കാനും,

കടലും വായുവുമണുവും ശബ്ദവും
കടിഞ്ഞാണിൻ തുമ്പിലടക്കിനിർത്താനും

കഴിഞ്ഞൂ മാനുഷപരമ്പരയ്ക്കൊന്നാൽ
കഴിഞ്ഞില്ലാ ചെയ്യാനൊരു ലഘുകർമ്മം-

സമാന്തരങ്ങളാം കുറികളിട്ടതും,
കുറിയ്ക്കിതസ്തതഃഭ്രമം വരാത്തതും,

സ്ഥലകാലപരിസ്ഥിതിപ്രഭേദത്താൽ
സ്ഥിരവു,മായുള്ളോരളവുകോൽ തീർക്കാൻ!

ഝഝഝ

വഴുക്കില്ലെന്നോർത്ത പരമസത്യവും

കഴൽച്ചുവട്ടിൽനിന്നിടറുന്നുവെങ്കിൽ

പരിഭ്രമിയ്ക്കാതെ കരുത്തൊടൂന്നട്ടെ
പദങ്ങളോരോന്നുമപൂർണ്ണഭാഗ്യൻ ഞാൻ.

# സഹ്യനിൽ ഒരു രാത്രി

ഗ്രാമീണൻ, ഞാൻ, ഗ്രഹചാരത്താൽ
ഗാർഹികശല്യപരാധീനൻ,

വിശ്വജ്ഞാനത്താലെന്നുൾച്ചുരുൾ
വികസിപ്പിയ്ക്കാനുഴറുമ്പോൾ

ഇനരശ്മിയ്ക്കായ്ത്താമരപോലെ–
ദ്ദിനപത്രത്തിനു കൊതികൊൾവൂ.

കിട്ടിയതെന്നാലോരോ കുറിയും
കട്ടപിടിയ്ക്കും നിഴലല്ലോ.

മോണയിലെല്ലാമണുബോംബിഴുകിയ
മോഹനരൂപികൾ, സർപ്പങ്ങൾ

കലയാം കാലാൽ,ദ്ദിനപത്രത്തിൽ–
ക്കരിനിഴൽവീശിയരിയ്ക്കുമ്പോൾ,

കണ്ണീരൊഴുകി നനഞ്ഞിട്ടും മൽ–
ക്കരളിൻ ചിറകുകൾ വിരിയുന്നു;

അഴകൊടെ വന്നു നിറന്നീടുന്നൂ
പഴയൊരു കഥയും പിന്നാലെ:

**2**

പണ്ടൊരു നാളിവനുണ്ടായല്ലോ
പർവ്വതതുല്യമൊരനുഭൂതി

സത്യത്തിന്റെ വെളിച്ചം വിതറും
വിദ്യുന്മയമാമനുഭൂതി!

**3**

മസൃണതുഷാരത്താലീയുലകും
മാമകഹൃത്തും കുളിരുമ്പോൾ,

അന്തിച്ചോപ്പിലൊലുമ്പിയ മുകിലെൻ
ചിന്തകളെപ്പോലിളകുമ്പോൾ,

അഭിനവമധുരോന്മേഷംപോലെ–
ത്തിങ്കളുദിച്ചൂ വിൺചെരിവിൽ.

ചൂടീ നീലവിശാലത മെയ്യിൽ–
ക്കോടി വികസ്വരരോമാഞ്ചം.

കിഴവന്മാരാമിരുളിൻ കട്ടക,–
ളഴകില്ലാപ്പടുപഴവന്മാർ,

കുഴിമാടം പണിയാത്തവർ, ജീവി–
ച്ചഴുകിയ സൂതിഗൃഹത്തിങ്കൽ

ഉന്നതസഹ്യമഹാചലസാനുവിൽ–
നിന്നൂ ഞാനൊരു കൃമിപോലെ!

''ഇടതൂർന്നമ്പിയ നാഗരികതത–
ന്നിഴലഘു,'' എന്നൊരു ചിരിയോടെ

എന്നുടെ രോമക്കട്ടിയുടുപ്പിൽ–
ത്തൻനഖരാഗ്രസഹസ്രങ്ങൾ

കുത്തിയിറക്കീ മലയുടെ മടിയിൽ–
ത്തത്തി നടന്ന ജഗൽപ്രാണൻ.

മാവും, പാലയു,മകിലും, കരയാ–
മ്പൂവും, കൊന്നയു,മരയാലും,

ഇലവങ്ങം, മലവാക, പിലാശം,
പുളിയും, പ്ലാവും, ചന്ദനവും,

കരവീരക, മുങ്ങ,ത്തിയു,മിത്തിയു–
മലരിയു,മേലം, പേരാലും,

മുള, മഞ്ചാടി, യശോകം, താമര,
മുളകും, തേക്കും, പനിനീരും,

നെല്ലി,യരൂത, കരിഞ്ഞാലിയു,മരി–
മുല്ല, കരിമ്പന,വരിനെല്ലും–

മലരും തളിരും മണവും മധുവും
ഫലവുമെഴും പല വേഷത്തിൽ,

അംഗവിചക്ഷണവിക്ഷേപത്താ,–
ലംഗുലി വിതറും സംജ്ഞകളാൽ,

നിർവൃതി പൂക്കും സ്വർല്ലോകങ്ങള–
നാവൃതമാക്കീ നെടുനീളെ.

കലയും, പുലിയും, കണ്ടാമൃഗവും,
കരിയും, നരിയും, ചെന്നായും,

കിരിയും, ഹരിയും, മയിലും, കുയിലും,
കീരി, ഭുജംഗം, ക്രോഷ്ടാവും,

കൊതുകും, കാകനു,മണുവും, പുഴുവും,
നിതരാമുതിരും താളത്തിൽ

ഉച്ഛ്വാസധ്വനി ചിന്തീ; പുഴയിൽ–
ക്കൊച്ചല മധുരം ശ്രുതിമീട്ടി;

സ്വാർഗ്ഗികമാമൊരു ഗാനവുമൊഴുകീ
രാക്കിളിനിരതൻ കണ്ഠത്തിൽ.

കാടും, മലയും, വാനും, കടലും,
കരയും, ഞാനും, നിനയാതെ,

വിലയംചെയ്തു തുടിച്ചൂ ശാശ്വത–
കലയുടെ മാസ്മരഹൃദയത്തിൽ.

**4**

കല്ലോലിനിയിലപാരത വീഴ്ത്തിയ
തെല്ലൊരു മഞ്ഞിൻതരിയാം ഞാൻ

പീനമൊരക്ഷീണാസംതൃപ്ത–
ജ്ഞാനാന്വേഷണകുതുകത്തെ

കാന്താരാന്തരസരണിയിലെങ്ങും
കാലടികൊണ്ടു പതിയ്ക്കുമ്പോൾ

എത്തിച്ചേർന്നൂ വാരണസദൃശമൊ–
രുത്തുംഗോപലകൂടത്തിൽ;

ചാരത്തിളകീ കുമുദിനി, കരളിൽ–
ച്ചാർത്തിയ ചന്ദ്രക്കലയോടെ.

വാനരനേകനിരിപ്പൂ പാറയിൽ,
വാപിപ്പള്ളയിലിളകാതെ;

സലിലംചേർത്തൊരു ചെങ്കല്ലവനാ–
ശ്ശിലയുടെ തുമ്പിലരയ്ക്കുന്നു;

കുഞ്ഞിക്കൈവിരലഗ്രത്താലാ–
ക്കുതിരും ചായമെടുക്കുന്നു;

കുറിയും വരയുമിടുന്നൂ കവിളിൽ;–
ക്കുനിവൂ വാപീമുകുരത്തിൽ!

യാത്രികനാം ഞാൻ നിന്നേപോയി
മാത്രകളടരുവതറിയാതെ,

പഴയ യുഗത്തിൻ സംസ്കാരങ്ങളി–
ലിഴുകിയ ഹൃദയം പറിയാതെ:

കാലാകാലമുയിർപ്പൂ മണ്ണിൽ
കലയുടെ കമ്രപ്രതിഭാസം!

**5**

മാമകപാദനിപാതവിരാവവി–
ചോദിതമാനസരായല്ലി,

പാറയിലെപ്പടുഗുഹവിട്ടെത്തി–
പ്പാഞ്ഞൂ കാട്ടുകുരങ്ങന്മാർ!

അവയുടെ നഖദന്തപ്രഭയേറ്റെ–
ന്നാശയമൊന്നു പിടഞ്ഞപ്പോൾ,

ഇളകാതിളകാതങ്ങിനെനിന്നേ–
നിടിവെട്ടേറ്റ മരംപോലെ!

എന്നാ,ലവരോ നിന്നേയുള്ളൂ
കണ്ണിമപോലുമനക്കാതെ,

അരിയുടെ നേർക്കു പദംപദമായി–

ക്കയറിച്ചെല്ലും പടപോലെ!

താളവുമറ്റൂ, ഗാനവുമറ്റൂ,
മേളവുമറ്റൂ, വിപിനത്തിൽ;

ഇളകുന്നില്ലൊരു തളിരും; കേവല,–
മിളയൊരു കടുകിൻ മണിയായി!

എല്ലാം ശൂന്യം, മൂകം – ഞാനൊ–
ന്നല്ലാതില്ലാ പൊരുളായി!

കാതരമായി വിറച്ചൂ കാട്ടിൽ–
പ്പാതിരയാ നെടുനിമിഷത്തിൽ.

ഫേനിലമൊഴുകീ പുഞ്ചിരിമാത്രം
ഞാനറിയാതെന്നധരത്തിൽ.

**6**

ഭീതിവിദാരിതചേതനനിവനൊരു
നൂതനബോധമണിഞ്ഞപ്പോൾ,

പശ്ചിമദിശയുടെ മടിയിൽത്തരളം
പനിമതി വീണുകിടക്കുമ്പോൾ,

വിസ്മയ,മൊരുപടി വാനരരുണ്ടേ
മത്സവിധത്തിലിരിയ്ക്കുന്നു;

കൈരവദളവും പണിയും കുഞ്ഞി–
ക്കൈവെള്ളകളാലവരെന്നെ,

ശീതസപര്യകൾ ചെയ്യുന്നൂ, ക്ഷത–
ബോധനെ, നിജനിജസോദരനെ;

തൊട്ടുതലോടി മിഴിപ്പിയ്ക്കുന്നൂ
പട്ടെതിർവിരലാൽ കൺപീലി;

പഴയൊരകൃത്രിമസുന്ദരമൊഴിയിൽ–
പ്പറയുന്നുണ്ടവരലിവോടെ,

''സ്നേഹിയ്ക്കുന്നവരുണ്ണീ, നിന്നെ–
ദ്രോഹിയ്ക്കുകയില്ലെ,ഴുനേൽക്കൂ.

നമ്മുടെ മുതുമുത്തച്ഛന്മാരുടെ
ജന്മവിദാതാവൊന്നല്ലേ?

പോകൂ, പുറകോട്ടി, നിയും പുറകോ–
ട്ടേ,കാഗ്രതയുടെ തിരിയോടെ:

ജീവപരമ്പര മുഴുവ'നമീബാ'–
ബീജോത്ഥിതമൊരു തരുവല്ലേ?

പരമാർത്ഥത്തിൽ ബ്രഹ്മാണ്ഡത്തിൻ
പൊരുളായുള്ളതൊരണുവല്ലേ?

അതിലഭിരാമം നിന്നു തുടിയ്ക്കും
ദ്രുതനിസ്പൃഹമൊരു കലയില്ലേ?...''

അറിവറ്റവനിപ്പൊള്ളമനുഷ്യനി–

ലാശകൊളുത്തുംമൊഴിയോടെ,

മൽക്കരചരണാദ്യവയവമോരോ-
ന്നുൽക്കടരാഗോദ്വേഗത്താൽ,

വാനരരോരോ പേരും തൻതൻ
വക്ഷസ്സിങ്കലുടക്കുമ്പോൾ

കുതിരാനെന്തെ,ൻകടമിഴി രണ്ടും
കുളിരാനെന്തേ, വഴിയാനും?

**7**

അത്രവിചിത്രമൊരനുഭൂതിയിലെ-
ന്നാത്മാവൊഴുകിയ നിശ പോകെ,

മന്ദമെണീറ്റവലോകം ചെയ്തേൻ
സുന്ദരമാമാ മലയോരം.
അരുണിമപുരളുമൊരിളവെയിലാലെ-
ന്നന്തർമ്മണ്ഡലമൊളിയേൽക്കെ

ജീവനിലഭിനവകലിക വിടർന്നൂ
ഭാവന വീശീ സൗരഭ്യം.

**8**

എത്ര മനോഹരമത്ഭുതകരമീ
വിസ്തൃതസർഗ്ഗവ്യാപാരം!

ആത്മപ്രതികരണാവിഷ്ക്കൃതിനിര-
താദ്യന്തോൽബണവാസനയാൽ

വ്യഷ്ടികൾ കൈക്കൊള്ളുവതായ്ക്കാണ്മു സ-
മഷ്ടിവിലീനത മമ മുന്നിൽ.

സ്ഥലകാലങ്ങളിണക്കി മുതിർക്കും
സ്വരതാളങ്ങൾക്കനുകൂലം,

ശക്തി വിശാലബ്രഹ്മാണ്ഡത്തിൽ
സർഗ്ഗകലാകൃതി ചെയ്യുമ്പോൾ

അണുമുതലണുവരെ നിഖിലാത്മാക്കളി-
ലഭിനവചേതന തിരിവെപ്പൂ!

മഷികലരാതെ,പ്പുകചിതറാത,തി-
മധുരോജ്വലമാ നാളങ്ങൾ

ഭൂതദയാമയമേകതപോലൊരു
ബോധം ദിശി ദിശി വീശുന്നു!

ഓജഃപൂർണ്ണ,മനഭിധാനം, തൽ-
തേജസ്സിന്റെ കലാധാനം,

നിഭൃതശ്രേയസ്സണിയിയ്ക്കുന്നൂ
നിയതപ്രകൃതിവിഹാരത്തെ!

# പഴയ വീട്

തട്ടുയരക്കുറവുകൊണ്ടും
കട്ടിലതന്നിടുക്കംകൊണ്ടും

നൂറുവട്ടമെന്നുത്തമാംഗം
ചോരപൊട്ടി മുഴച്ചുപോയി!

കുറ്റിരുട്ടാമിപ്പാതിരാവും,
കുംഭമാസനട്ടുച്ചകളും,

കണ്ടറിയരുതാത്ത മട്ടി–
ലുണ്ടോരോ കിളിവാതിലുകൾ:

കാണാനൊന്നുമില്ലായ്കമൂലം
കാഴ്ചതന്നെ പരുങ്ങലായി!

ഓരോ വീർപ്പിലും പുത്തനായി–
ട്ടോരോ ചോദനം വീശിവീശി

കാറ്റടിയ്ക്കെസ്സിരയിലൂടെ
ചീറ്റും നിർവൃതി ഞാൻ മറന്നു!

പായയിട്ടു നടുനിവർത്താൻ
പാടില്ലാതെയും ഞാൻ കുഴങ്ങി:

നാലു ചാരുപടികളില്ലേ
നാഴികൊള്ളുമിക്കൊച്ചറയിൽ!

എന്നാൽ,ച്ചാരുപടിയ്ക്കുമീതെ–
ത്തന്നെ കേറിക്കിടക്കരുതേ?–

ആവാം ഞാനൊരു കുള്ളനായി:
ട്ടായിരുന്നു പിറന്നതെങ്കിൽ!

**2**

രാവുമാവാം, പകലുമാവാം,
വാവുമാവാം, പ്രദോഷവുമേ

ഭിത്തിയിന്മേലടിച്ചു മൂക്കും–
കുത്തി വീഴാനായ്പ്പാറിപ്പാറി

ശബ്ദിക്കും കടവാതിലിന്റെ
ശല്യംകൊണ്ടു ഞാൻ തോറ്റുപോയി!

എട്ടുകാലിയും, മൂഷികനും,
തൊട്ടാലൊട്ടിയും, മക്കുണവും,

കോട്ടെരുമയും, വൃശ്ചികവും,
നാസ്തിപ്പൃക്കയും, പാമ്പുറുമ്പും,

കട്ടുറുമ്പു,മൂറാമ്പുലിയും,
മക്ഷികയും, മലങ്കൊതുവും,

തേളും, തേരട്ട,പാറ്റ,പേനും,
ഗൗളിയും, പെരുച്ചാഴികളും,

നൊച്ചനും, കുഴിയാനകളും,
പച്ചോന്തും, മരപ്പട്ടികളും,

എല്ലാം കൂടിക്കുഴഞ്ഞതാമീ
വല്ലാതുള്ള ചിതൽപ്പുരയിൽ

ഞാനിരുന്നു നരച്ചിടുന്നു;
ഞാനിരുന്നു കുരച്ചിടുന്നു;

ഞാനിരുന്നു മയങ്ങിടുന്നു,
ഞാനുറങ്ങിക്കിടന്നിടുന്നു;

ആഹരിയ്ക്കുന്നു ഞാനിവിടെ,
നീഹരിയ്ക്കുന്നു ഞാനിവിടെ,

നീക്കമില്ലാതിവിടെവെച്ചേ
നിർവ്വഹിപ്പൂ വിഹാരവും ഞാൻ.

**3**

വേണമെന്നു പറഞ്ഞിടാതെ
ഞാനീ വീട്ടിന്നധിപനായി...

കാരണവരിതന്നെനിയ്ക്കായ്
ചോരയ്ക്കാണത്രേ തീറുവാങ്ങി.

കൊള്ളരുതാത്ത ഞാനോ വന്നീ–
സ്സോല്ലയ്ക്കുള്ളിൽപ്പിറന്നുംപോയി.

ഫുല്ലഹർഷമാണീപ്പുരയി–
ലുല്ലസിച്ചതാ വാസരങ്ങൾ!

അന്നിതിന്റെ വലിപ്പമോർത്തി–
ട്ടമ്പരന്നു ഞാൻ നോക്കി നിന്നു;

തട്ടിനെക്കൈവിരലുകളാൽ
തൊട്ടുനോക്കുവാൻ ഞാനുഴറി;

പിച്ചവെയ്ക്കുമെൻ കാൽകളന്നീ
മച്ചിലോടിക്കഴച്ചുപോയി;

അന്നിതിന്മേൽക്കയറിനി'ന്നീ
മന്നെൻതാഴെ'യെന്നോർത്തു തുള്ളീ!

തഞ്ചിപ്പോയന്നിതിന്റെയോരോ
പിഞ്ചിളുമ്പിലുമെന്റെ രാഗം!

ഞാനതിനാലിതിന്റെ മുക്കിൽ–
ക്കൂണുപോലെ കഴിഞ്ഞുകൂടി.

**4**

അപ്പോഴേയ്ക്കെന്റെ താടിയിന്മേ–
ലൽപ്പം മീശ കിളർന്നുവന്നു.

അങ്ങകലെ നഗരമുണ്ടെ–
ന്നന്നാരാണ്ടൊരറിവുതന്നു.

അന്നുതൊട്ടെൻപ്രകൃതമാറ്റം
അത്രമാത്രം തെളിഞ്ഞും വന്നു,

സാവധാനം തപിച്ചുയരും
മാഘമാസവെയിലുപോലെ!

**5**

നവമാമത്ഭുതം പൂണ്ടു ഞാനാ
നഗരം കാണുവാൻ യാത്രയായി!

നരബഹുലമായ് നീണ്ടൊഴുകും
നഗരവീഥി ഞാൻ നോക്കിനിൽക്കെ,

നയനം നീണ്ടുചെന്നസ്തമിയ്ക്കു-
മയനത്തിന്നും വെളിയിലായി

അതിരില്ലാത്തതാമെന്തിലോ ചെ-
ന്നലിയാനുള്ള തിടുക്കമോടെ

തെരുവിലൂടനധ്യായമെന്യേ
നരപരമ്പര നിർഗ്ഗമിയ്ക്കെ,

പുതുപുളകമണിഞ്ഞു ഞാന-
ന്നതിലേയ്ക്കാണ്ടൊരു മുങ്ങൽ മുങ്ങി!

അതിമനോജ്ഞമദ്ദർശനത്താൽ
ചിതറിപ്പോയെന്റെ ലോചനങ്ങൾ!

പൊതുനിരത്തിലൂടൂളിയിട്ടൂ
പൊടിപറത്തുന്ന വാഹനങ്ങൾ,

പല വർണ്ണങ്ങളിലാകൃതിയിൽ
അലറിപ്പാഞ്ഞിടും വാഹനങ്ങൾ!

തുടരായ്പ്പാളംകുലുക്കി നീങ്ങി
പടുതേരട്ടപോലുള്ള വണ്ടി!

അലകടലിന്നപാരതയി-
ലവസാനിയ്ക്കാത്തിരയടിച്ചൂ!

അതി,ലിറാലിലെറുമ്പുപോലെ
കുതികൊണ്ടൂ പെരുംകപ്പലുകൾ!

ഗഗനത്തിങ്കലിരച്ചുപാഞ്ഞൂ
ഗരുഡതുല്യവിമാനവൃന്ദം!

തനിയേ ശോഭിച്ചു ദീപികകൾ!
തനിയേ പെട്ടികൾ പാട്ടുപാടി!

**6**

അതുലശുഭ്രമായാർദ്രമായി-
ട്ടടിയൊഴുക്കെഴുമാൾത്തിരക്കിൽ

പുതുവെള്ളത്തിൽത്തവളപോലെ
മുതലക്കൂപ്പിട്ടിതെന്റെ ചിത്തം.

മിഹിരബിംബവു,മമ്പിളിയും,

മിനുമിനുങ്ങുന്ന താരകളും,

ഇരവും, പകലും, തെളിനിലാവും,
നിഴലു,മന്തിപ്പുലരികളും,

അഴകോലും വെള്ളിൽപ്പറവപാറും
മഴമുകിലു, മനന്തതയും

കടലും, പുഴയും, മഹാദ്രികളും,
കരയും തോടും നീർച്ചാലുകളും,

തരുനിരകളും, മലരണിയും,
തളിരും, ചില്ലയും, വല്ലികളും,

കണ്ടകങ്ങളും, പൂമ്പൊടിയും,
കണ്ണെത്താമണൽക്കാടുകളും,

തേനും, ശലഭവും, വണ്ടുകളും,
മാനും, മയിലും, കുയിലുകളും,

നരിയും, പുലിയും, പിറാവുകളും,
കരിയും, ഫണികളും, കാട്ടുപോത്തും,

ചെന്നായും, മലമ്പാമ്പുകളും,
കണ്ടാമൃഗവും, കുരങ്ങുകളും,

എല്ലാംകൂടിക്കുഴഞ്ഞി,ടഞ്ഞും,
ഉല്ലസിയ്ക്കും മഹാപ്രപഞ്ചം

കണ്ണുകൊണ്ടും കരളുകൊണ്ടും
കണ്ടറിഞ്ഞു നടന്നു ഞങ്ങൾ.

ഞങ്ങൾതമ്മിലിണങ്ങിവന്നു,
ഞങ്ങൾ തമ്മിലലിഞ്ഞുചേർന്നു.

ഞങ്ങളൊന്നിച്ചു വേർപ്പു ചിന്നി,
ഞങ്ങളൊന്നിച്ചു വേലചെയ്തു.

നേടീ, തിന്നൂ, കുടിച്ചൂ ഞങ്ങൾ!
ആടീ,പാടീ,തിമർത്തു ഞങ്ങൾ.

ഞങ്ങൾതൻ കാൽമടമ്പുകളിൽ–
ത്തങ്ങിപ്പാംസുലമായി നിന്നു,

അതിഗംഭീരമാമീ പ്രപഞ്ച–
മടിമയ്ക്കുള്ള വണക്കമോടെ!

7

'എന്റെവീടെ'ന്ന ശബ്ദമപ്പോ–
ളെന്മനസ്സിലലച്ചുപൊങ്ങി.

ഉന്നതാനന്ദമത്തനാം ഞാ–
നന്നീ വീട്ടിൽത്തിരിച്ചു വന്നു.

നീളംവെച്ചും തടിച്ചും ഞാന–
ന്നാളുമാറിക്കഴിഞ്ഞിരുന്നു.

കട്ടിലയിലും, തട്ടിന്മേലും

മുട്ടിപ്പോകയാണെന്റെ ദേഹം!

വായുവില്ല, വെളിച്ചമില്ല,
പായ നീർത്താനിടവുമില്ല,

വിശ്വാമിത്രൻ പടച്ചുവിട്ട
വിശ്വദ്രോഹികൾതൻ നടുവിൽ

ഞാനിരുന്നു നരച്ചിടുന്നു,
ഞാനിരുന്നു കുരച്ചിടുന്നു.

**8**

കഷ്ടമാണീ നരകവാസം;
വിട്ടുപോവാനും വയ്യിതിനെ!

വീഥിയിങ്കൽ ഞാൻ കണ്ടിരിപ്പൂ
വീടില്ലാത്തവരെത്ര പേരെ!

സ്വന്തമായൊരു വീടില്ലെങ്കിൽ
സ്വർഗ്ഗമാണോ മനുഷ്യജന്മം!

തഞ്ചുന്നുണ്ടിന്നിതിന്റെയോരോ
പിഞ്ചിളുമ്പിലുമെന്റെ രോഷം!

**9**

ആരാരെന്തെന്തുഭാഷയിലും
ആക്ഷേപങ്ങളെറിഞ്ഞിടട്ടെ:

ജീർണ്ണജീർണ്ണമാമെന്റെ ഗേഹം
ഞാനിക്കൊല്ലം പൊളിച്ചുനീക്കും;

ചാരുവായി,വിശാലമായി,
വേറിട്ടൊന്നു പണികഴിയ്ക്കും;

തട്ടുയർത്തും, ജനലുവെയ്ക്കും;
കിട്ടുമപ്പോളൊരാത്മശാന്തി.

മർത്ത്യനുള്ള സഹിഷ്ണുതയ്ക്കും
ഇത്രയെന്നൊരവധിയില്ലേ?

# ദീപയഷ്ടി

മങ്ങിമറഞ്ഞൂ കതിരവ, നമ്പിളി,താരകങ്ങൾ;
വിങ്ങുമിരുട്ടിൽപ്പൂഴ്ന്നുകഴിഞ്ഞൂ ചക്രവാളം.

നാരകഭീമമഗാധമപാരമിരുൾക്കടലിൽ
നാടും നഗരവു,മാണും പെണ്ണും, ചത്തടിഞ്ഞൂ,

പ്രേതപരമ്പരയലറുകയായുഡുപഞ്ജരത്തിൽ,
പ്രേതപരമ്പര കൂത്താടുകയായ് ഭൂതലത്തിൽ!

2

നിമിഷം, നാഴിക,ദിവസം,വാരം,പക്ഷം,മാസം,
നിരവധി നിരവധി വർഷം വന്നു കടന്നുപോയി.

പ്രേതപരമ്പര പശിയാൽച്ചത്തുമലച്ചീടുന്നൂ,
പ്രേതപരമ്പര രോഗാലലമുറയിട്ടീടുന്നൂ,

പ്രേതപരമ്പര കണ്ടതു തിന്നു തടിച്ചീടുന്നൂ,
പ്രേതപരമ്പര നീറുമസൂയ വമിച്ചീടുന്നൂ,

പ്രേതപരമ്പര കെട്ടിമറിഞ്ഞിണചേർന്നീടുന്നൂ,
പ്രേതപരമ്പര പെറ്റുപെരുത്തു വളർന്നീടുന്നൂ,

പ്രേതപരമ്പര തമ്മിൽത്തച്ചു പിടച്ചീടുന്നൂ,
പ്രേതപരമ്പര രക്തംതുപ്പി നശിച്ചീടുന്നൂ,

പ്രേതപരമ്പര താൻ താൻ വെട്ടിയടക്കിയ മണ്ണിൽ,
ഭ്രാതാക്കളുടെയെലിമ്പാൽപ്പണിവൂ ഗോപുരങ്ങൾ!

**3**

അണിയായിരുളലയാഴിയുയർന്നു വിടർന്നു താണു
ഫണിജാലത്തിനുതുല്യമനേകമനേകവർഷം.

അക്കരിനീലക്കടലിന്നടിയിലുദിച്ചുപൊങ്ങി
അത്ഭുതദർശനമവിടവിടെച്ചില കൈത്തിരികൾ,

അസിപോൽക്കഠിനതവീശിവിളങ്ങും കൈത്തിരികൾ,
കുസുമംപോലതിമൃദുലതപൂണും കൈത്തിരികൾ,

പച്ചമനുഷ്യപ്രേമാസ്വാസ്ഥമനസ്വികളായി
പച്ചമനുഷ്യരുണർന്നു കൊളുത്തിയ കൈത്തിരികൾ.

ഒരുതിരി ഭാരതഭൂമിയിലേതോ പുറ്റുമണ്ണിൽ,
ഒരുതിരി കാളിന്ദിയിലൊരു തോണിക്കടവരികിൽ,

ഒരുതിരി പാലസ്തീനത്തെപ്പുൽത്തൊട്ടിയിങ്കൽ,
ഒരുതിരി മെക്കയിൽ ഹീറാപ്പർവ്വതഗഹ്വരത്തിൽ,

ഒരുതിരി ബോധിദ്രുമതടമണിയും നിഴൽവിരിപ്പിൽ,
ഒരുതിരി ചീനയി,ലൊരുതിരി പിന്നെക്കാലടിയിൽ,

പലപല തിരിയും റോമിൽബ്ബാബിലോണിയയിൽ,
ചിലതീജിപ്തിൽ, ഗ്രീസിൽ, മെസപ്പൊട്ടേമിയയിൽ,

ഒരുതിരി ഡാന്യൂബൊഴുകി നനയ്ക്കും ജർമ്മനിയിൽ,
ഒരുതിരി പിന്നെപ്പോർബന്തറിലു,മുറന്നു വന്നൂ.

**4**

നീങ്ങീടുന്നൂ നിമിഷം,ദിവസം, പക്ഷം, വർഷം;
നീലക്കടലീ ബ്രഹ്മാണ്ഡം ഗ്രസിച്ചു നില്പൂ!

പ്രേതപരമ്പര ഗർജ്ജിക്കുന്നൂ വിണ്ണിലൊക്കെ;
പ്രേതപരമ്പര കൂത്താടുന്നൂ മണ്ണിലാകെ!

തിമിരമകറ്റാനെരിയും ദീപശിഖാഞ്ചലത്തിൽ
തിടമേലും പുക ചുരുളൻമുകിലായ്പ്പൊങ്ങീടുന്നൂ.

ധൂളീധൂസരമാമാദ്ധൂമം മോന്തി മോന്തി
ധൂപിതധൂലകമാമാദ്ധൂമം മോന്തി മോന്തി

പൂർവ്വാധികരൂക്ഷോൽഭടയമഭടതാണ്ഡവത്താൽ
പ്രേതപരമ്പരയണ്ഡകടാഹമുലച്ചീടുന്നൂ;

ആവിയുരുട്ടും വണ്ടിയിലേറി,ക്കപ്പലേറി,
ദ്യോവിലിരച്ചു പറക്കും യന്ത്രവിമാനമേറി,

ഛായാഗ്രാഹികൾ, ദൂരശ്രവണികൾ, ഘടികാരങ്ങൾ
ആയിരമുത്തമസിദ്ധികളങ്ങിനെ കയ്യിലടക്കി,

വെടിപൊട്ടിപ്പൂ, ബോംബുകളെറിവൂ നീളെ നീളെ,
വിഷവാതകവും വീശീടുന്നൂ നീളെ നീളെ,

**5**

അണുബോബുകളാലിടിവെട്ടിച്ചു നടുക്കീടുന്നൂ
മണലിൻതരിമുതലാദിത്യൻവരെയുള്ളതൊക്കെ!

നീങ്ങീടുന്നൂ നാഴിക, വാരം, മാസം, വർഷം;
നീറും കനകക്കൈത്തിരിയൊട്ടുകിരുണ്ടുനിൽപ്പൂ!

ചത്തടിയുന്നൂ പട്ടിണിമൂലം, വ്യാധിമൂലം,
പൊട്ടിയളിഞ്ഞു ചരിയ്ക്കും പ്രേതപരമ്പരകൾ;

മണ്ണിനുവേണ്ടി,പ്പെണ്ണിനുവേണ്ടി,പ്പൊന്നിനുവേണ്ടി,
മത്തുപിടിച്ചലറുന്നൂ പ്രേതപരമ്പരകൾ;

അനുജന്മാരുടെ നിണവുമിറച്ചിയുമുണ്ടു തേട്ടി
ജനനിയെ വേട്ടൂ ശയിപ്പൂ പ്രേതപരമ്പരകൾ;

പകയും മർദ്ദനതൃഷയും മൂത്തു കുരച്ചീടുന്നൂ
സകലകുലാന്തകരായി പ്രേതപരമ്പരകൾ;

ശബളപതാകകളേന്തി,പ്പലപലസംഘമായി,
സമരം ചെയ്തു നശിപ്പൂ പ്രേതപരമ്പരകൾ!

**6**

താമസകല്ലോലങ്ങളിടഞ്ഞു വിടർന്നുടഞ്ഞു;
യാമവുമൃതുവുമുരുണ്ടൂ വളരുമിരമ്പലോടെ.

കൃഷിഭൂമിയിലേയ്ക്കവധാനത്തൊടെ നീങ്ങിവന്നൂ
മഷിയാൽക്കാന്തികുറഞ്ഞുമുനിഞ്ഞാക്കൈത്തിരികൾ.

തമ്മിലിണങ്ങിച്ചേർന്നവ നിൽക്കെജ്ജാതമായീ
ഘർമ്മജ്വാലാഭീകരമോഹനദീപയഷ്ടി!

വാനിലുദിപ്പൂ താരക,ളമ്പിളി, സൂരബിംബം;
മാനവരുടനാക്കൃഷിഭൂമിയിൽനിന്നേറ്റുനിൽപ്പൂ;

മർമ്മവിദാരകനവയുഗശോഭാപൂരമേല്ക്കെ
മണ്ണടിയുന്നൂ നീചപ്രേതപരമ്പരകൾ!
മർത്ത്യപരമ്പര കണ്ണുവിരുത്തിക്കണ്ടുനിൽപ്പൂ
മർത്ത്യപരമ്പരകൾക്കായെത്തിയ ദീപയഷ്ടി

പച്ചമനുഷ്യപ്രേമാസ്വാസ്ഥമനസ്വികളായി
പച്ചമനുഷ്യരുണർന്നുകൊളുത്തിയ ദീപയഷ്ടി!–

മദ്ധ്യാഹ്നോഗ്രതമസ്സിനെവെന്നു,ഡുപഞ്ജരത്തെ
മൃത്യുവിൽനിന്നു വിടർത്തിയ നവയുഗദീപയഷ്ടി!

**7**

കോടക്കാറുകൾ നീന്തി മദിച്ചൂ സുരപഥത്തിൽ,
കോരിമറിച്ചു മാരിത്തുള്ളികളിളവില്ലാതെ.

പാടീ കുയിലുക,ളാടീ മയിലുക,ളാപഗകൾ
ഓടിച്ചാടി നടന്നൂ പച്ചമലഞ്ചെരിവിൽ.

ഊഴിയിൽ വീണൂ വൃഷഭാവലിയുടെ ഖുരപാതങ്ങൾ;
ഊർന്നുമറിച്ചു മർത്ത്യരമർത്തിയ കരിനഖങ്ങൾ.

മേനിയിലാകെപ്പുളകംപൊട്ടിയ മേദിനിയ്ക്കോ
താനറിയാതെ ചുരന്നൂ തന്റെ പയോധരങ്ങൾ!